## നീരോലിക്കൽ കുടുംബത്തിന്റെ ഐതിഹാസപരമായ ചരിത്രം :-

I. പണ്ട് നാട്ടുരാജക്കൻമാരുടെ ഭരണകാലത്ത് ഇടപ്പള്ളി ഇടവകയിൽപെട്ടിരുന്ന ഗ്രാമത്തിൽ നിന്ന് രാജകോപം ഭയന്ന് പോന്നവരാണ് നെല്ലൂർ കുടുംബക്കാർ. ഇടപ്പള്ളി (ഇളം കല്ലൂർ) രാജാവിന്റെ ആനയുടെ വാൽ ഒരു ഉത്സവഘോഷയാത്രയിൽ വെട്ടി മുറിച്ചതുകൊണ്ടാണ് രാജകോപം ഉണ്ടായത്. അന്ന് ഇടപ്പള്ളി നാടുവാഴികളുടെ പ്രജകളായ നാല് സമുദായത്തിൽപ്പെട്ട കുടുംബക്കാർ ആ നാട് വിട്ട് പെരുമ്പല്ലൂർ, പെരിങ്ങഴ പ്രദേശത്ത് വന്ന് കുടിയേറി താമസിച്ചതായാണ് ഐതിഹ്യം.

ആ നാല് പേർ ഇവരാണ്. 1) നെല്ലൂർ മഹാപ്പിള്ള (മാപ്പിള), 2) നെടുംപള്ളി നായർ, 3) വഴുതനപ്പിള്ളി ഇളയത്, (4) കുറ്റനാൽ പുലയൻ. ഈ കുടുംബങ്ങൾക്ക് ധാരാളം ശാഖകളുണ്ടായിട്ടുണ്ട്. ഈ സംഭവം നടന്നത് 17–ാം നൂറ്റാണ്ടിലായിരിക്കും.

വിവിധ പ്രദേശങ്ങളിൽ നിന്ന് ഫലപുഷ്ടമായ പെരിങ്ങഴ, പെരുമ്പല്ലൂർ പ്രദേശത്തേക്ക് വന്ന് ചേർന്നവർ വലിയ തോതിൽ കൃഷിചെയ്തിരുന്നു. ഈ പ്രദേശങ്ങൾ 1864 വരെ ആരക്കുഴ ഇടവകയിൽപ്പെട്ടതായിരുന്നു. കർഷകരിൽ നിന്നും കാർഷികോൽപന്നങ്ങൾ സർക്കാർ നേരിട്ട് വാങ്ങുകയും ആളുകൾ സർക്കാരിൽ നിന്ന് വാങ്ങിക്കുകയുമായിരുന്നു അന്നത്തെ രീതി. വ്യാപാര വസ്തുക്കൾ മൂവാറ്റുപുഴ എത്തിച്ച് അവിടെ നിന്ന് പുഴ വഴി കായൽ തീരത്ത് (വള്ളത്തിൽ) എത്തിക്കുകയുമാണ് ചെയ്തിരുന്നത്. അന്നത്തെ പ്രധാന കൃഷി സുഗന്ധദ്രവ്യങ്ങളും മുത്തുകളും തേക്കും ഈട്ടിയുമൊക്കെയായിരുന്നു. ഫലപുഷ്ടമായ ഭൂമിയുള്ളതുകൊണ്ട് ഈ പ്രദേശത്തെ ജനങ്ങൾ സാമ്പത്തികമായി ഉയർന്നു. ക്രമേണ ഈ പ്രദേശങ്ങളിൽ കൃഷി രീതികൾ മാറി. ഇപ്പോൾ തെങ്ങ്, കമുക്, ജാതി, കൊക്കോ, റബ്ബർ തുടങ്ങിയ കൃഷിരീതികൾ നിലവിൽ വന്നു.

II. ഈ നാല് സമുദായക്കാരിൽ നെല്ലൂർ മാപ്പിളയാണ് നീരോലിക്കൽ കുടുംബത്തിലെ തായ്‌വഴിക്ക് നിദാനമായി പറഞ്ഞു കേൾക്കുന്നത്. നെല്ലൂർ കുടുംബത്തിൽ നിന്നും കേവുള്ളിലേയ്ക്കും മങ്ങഴയിലേക്കും മാറിതാമസിച്ചതായി പറയപ്പെടുന്നു. അവിടെ നിന്നും പലശാഖകളായി പിരിഞ്ഞ് കേവുള്ളിൽ നിന്നും നീരോലിക്കൽ, വാഴപ്ലാംകുടി പറമ്പേൽ, പറക്കാട്ടുകുഴി എന്നീ പേരുകളിൽ ഓരോ കുടുംബങ്ങളായി പിരിഞ്ഞു. പെരിങ്ങഴ താമസമാക്കിയത് നീരോലിക്കൽ മാത്തുവാണെന്ന് പറയുന്നു. ഈ മാത്തുവിന് മാത്യുയെന്നും, വർക്കിയെന്നും, പൈലിയെന്നും മൂന്ന് ആൺമക്കൾ ഉണ്ടായിരുന്നതായിട്ടാണ് പറയപ്പെടുന്നത്.

കക്കാട്ട് മാത്തൻപിള്ള (മാത്തു പൈലി) കക്കാട്ട് താമസിച്ചിരുന്നതായിട്ടാണ് അറിയുന്നത്. അക്കാലത്ത് മാത്തൻപിള്ള കാര്യക്കാരനും പാർവ്വത്യകാരനും പ്രമാണിയുമായിരുന്നതായിട്ടാണ് പറയുന്നത്. അദ്ദേഹത്തിന്റെ മക്കൾ കക്കാട്ടും, പേഴക്കാട്ടിലും, മംഗലത്തുമായി താമസിച്ചിരുന്നു.

വർക്കി പാണാട്ടുകുടിയിൽ താമസമാക്കി. ഈ വർക്കി മധ്യ പ്രായത്തിൽ മരിച്ചു. അയാളുടെ ഭാര്യയും 2 മക്കളും ആ സ്ഥലം വിറ്റ് പുതുപ്പിലേടത്ത് താമസമാക്കി. അങ്ങനെ നീരോലിക്കൽ മാത്തുപൈലിയുടെ രണ്ടാമത്തെ മകൻ പുതുപ്പിലേടത്ത് എന്ന വീട്ടു പേരിൽ അറിയപ്പെട്ടു തുടങ്ങി. ഇവരുടെ കുടുംബകാര്യങ്ങൾ അന്വേഷിച്ച് നടത്തിയിരുന്നത് ഒന്നാമത്തെ മകൻ മാത്യു പൈലി യാണ്. ഈ മാത്യു പൈലി തറവാടായ നീരോലിക്കലിലാണ് താമ സിച്ചിരുന്നത്. അദ്ദേഹം കാട്ടുകുഴിയിൽ ചാക്കോയുടേയും മറിയ ത്തിന്റെയും മകൾ മറിയത്തെയാണ് വിവാഹം ചെയ്തത്.

പുതുപ്പിലേടത്ത് താമസമാക്കിയ ജേഷ്ഠന്റെ മകൻ വർക്കി യെകൊണ്ട് മാത്യുപൈലിയുടെ ഭാര്യയുടെ സഹോദരിയെ വിവാഹം കഴിപ്പിച്ചു. വർക്കിയുടെ സഹോദരൻ പൈലി (മൂന്നാ മത്തെ മകൻ) വട്ടകുന്നേൽ താമസമാക്കി. വർക്കിയുടെ സഹോദ രിയെ മൈലകൊമ്പിൽ മടത്തിനാൽ വിവാഹം കഴിപ്പിച്ചു. പുതുപ്പി ലേടത്ത് വർക്കിക്ക് വർക്കിയെന്നും, ചാക്കോയെന്നും രണ്ട് ആൺമ ക്കളും രണ്ട് പെൺമക്കളും ഉണ്ടായിരുന്നു. പെൺമക്കളിൽ മൂത്തമ കളെ ആരക്കുഴ പാലിയത്തിലും ഇളയമകളെ ആയവന നീല നാലും വിവാഹം കഴിച്ചു. മക്കളായ വർക്കി പുതുപ്പിലേടത്തും രണ്ടാമത്തെ മകൻ ചാക്കോ വട്ടക്കുന്നേൽ പുത്തൻ പുരയിലും താമസമാക്കി. പുതുപ്പിലേടത്ത് വർക്കി വർക്കിക്ക് വർഗീസ്, ഉലഹ ന്നാൻ, പൗലോസ്, ചാക്കോ എന്നിങ്ങനെ നാല് ആൺമക്കളും, കുഞ്ഞുപ്പെണ്ണ്, അന്നമ്മ, മാമ്മി എന്നീ പെൺമക്കളും ഉണ്ടായിരു ന്നു.

പുത്തൻ പുരയിൽ ചാക്കോക്ക് വർക്കിയെന്ന ഒരു മകനും (പുത്തൻ പുരയിൽ വർക്കി) വട്ടക്കുന്നേൽ താമസിച്ച പൈലിക്ക് വർക്കി, ഔസേപ്പ്, ചാക്കോ എന്ന് മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ടായിരുന്നു. പെൺ മക്കളിൽ മൂത്തയാളെ മഞ്ചി മലേക്കുടിയിലും, രണ്ടാമത്തെ മകളെ താണിക്കലും, ഇളയമകളെ മീമ്പൂരും വിവാഹം കഴിച്ചു. ഒന്നാമത്തെ മകൻ വർക്കി ചെറുപ്പ ത്തിൽ മരിച്ചു. രണ്ടാമത്തെ മകൻ പൈലി ഔസേപ്പിന് ജോസഫ്, ജോൺ, പൈലി എന്നിങ്ങനെ മൂന്ന് ആൺമക്കളും ചിന്നമ്മ, മേരി, ലിസി എന്നീ മൂന്ന് പെൺ മക്കളും ഉണ്ട്. ഇളയമകൻ ചാക്കോ സ്ഥലം വിറ്റ് മലബാറിലേക്ക് കുടിയേറി താമസിച്ചു. പിന്നീട് ഇവരെ കുറിച്ച് കാര്യമായ വിവരം ഒന്നും ലഭ്യമല്ല.

നീരോലിക്കൽ മാത്യുപൈലി (ഒന്നാമത്തെ മകൻ) കാര്യ ക്കാരനും കരം പിരിവ് ജോലിക്കാരനും പ്രമാണിയും ആയിരുന്നു. മാത്യുപൈലിക്ക് മലയാളത്തിലും തമിഴിലും നല്ല അറിവുണ്ടായിരു ന്നു. നല്ല പോലെ തമിഴും മലയാളവും എഴുതുവാനും വായിക്കു വാനും അറിയാമായിരുന്നു. അദ്ദേഹം ഒരു ദൈവ ഭക്തൻ കൂടിയാ യിരുന്നു. മാത്യു ഉപയോഗിച്ചിരുന്ന തമിഴിൽ അച്ചടിച്ച കുർബാന സഹായി പുസ്തകം എൻ. എസ്. ജോൺ (നീരോലിക്കൽ കോതമംഗലം) നേരിട്ട് കണ്ടിട്ടുള്ളതാണ്. മാത്യുപൈലിക്ക് പൈലി മത്തായി, പൈലി ചാക്കോ, പൈലി ദേവസ്യ എന്നീ മൂന്ന് ആൺമ

ക്കളും ഏലി, മറിയം, അന്നം എന്നീ മൂന്ന് പെൺമക്കളും ഉണ്ടായിരുന്നു.

III. മൂത്തമകൻ പൈലി മത്തായി ആദ്യം നെല്ലിപ്പിള്ളിൽ പച്ചേൽ നിന്ന് വിവാഹം ചെയ്ത് ദത്തു നിന്നു. മക്കളില്ലാതെ ആ ഭാര്യ മരിച്ചു. പിന്നീട് മത്തായി രണ്ടാമത് പരുമ്പിള്ളിച്ചിറ വൈമ്പിള്ളിൽ നിന്നും ബ്രശിയെ വിവാഹം ചെയ്തു. ആ വിവാഹത്തിൽ മൂന്ന് ആൺമക്കളും അഞ്ച് പെൺമക്കളും ജനിച്ചു. പൈലി മത്തായി നീരോലിക്കൽ തറവാട്ടിൽ തന്നെ താമസമാക്കി. ആൺമക്കളിൽ മൂത്തയാൾ പൈലി 1880 മകരത്തിൽ ജനിച്ചു. പൈലി മത്തായി പുത്തേടത്തും, രണ്ടാമത്തെയാൾ മൂലാനിക്കലും ഇളയയാൾ ചാക്കോ തറവാടായ നീരോലിക്കലും താമസമാക്കി. പെൺമക്കളിൽ മൂത്തമകൾ അന്നം മുതലക്കോടത്ത് കൊച്ചുപറമ്പിലിൽ വിവാഹം കഴിപ്പിച്ചു. രണ്ടാമത്തെ മകൾ ഏലിയെ ആനിക്കാട് മണിമലകുടിയിൽ (മോളത്ത്) വിവാഹം കഴുപ്പിച്ചുവിട്ടു. മൂന്നാമത്തെ മകൾ ത്രേസ്യായെ പുന്നമറ്റത്ത് (പോത്താനിക്കാട്) തെക്കെകുന്നേലും വിവാഹം കഴിപ്പിച്ചു. നാലാമത്തെ മകൾ റോസയെ മൈലകൊമ്പിൽ മാളിയേക്കലിലും വിവാഹം ചെയ്തു. അഞ്ചാമത്തെ മകൾ ബ്രശിയെ കാവന മറ്റപ്പള്ളിയിലും വിവാഹം ചെയ്തുകൊടുത്തു.

I. ഏറ്റവും മൂത്തയാൾ പൈലി കാവന മറ്റപ്പിള്ളിൽ കോരമകൾ ഏലീശ്വയെ വിവാഹം കഴിച്ചു. അവർക്ക് അഞ്ച് ആൺമക്കളും രണ്ട് പെൺമക്കളും ജനിച്ചു. അവർ പൂത്തോത്ത് പുരയിടത്തിൽ താമസമാക്കി.

എൻ. പി. മത്തായി 1913 മിഥുനം 7-ാം തീയതി ജനിച്ചു. മലയാളം ഹൈസ്ക്കൂൾ ഫൈനൽ പരീക്ഷയിലും സർവ്വേ ടെസ്റ്റും പാസായി പെരിങ്ങഴ സെന്റ് ജോസഫ് എൽ. പി. സ്കൂളിൽ അദ്ധ്യാപക ജോലിയിൽ പ്രവേശിച്ചു. കാഞ്ഞൂർ കോലഞ്ചേരിയിൽ പൗലോസിന്റേയും അന്നയുടേയും മകൾ റോസയെ വിവാഹം കഴിച്ചു. പിന്നീട് റവന്യൂ ഡിപ്പാർട്ട്മെന്റിൽ വില്ലേജ് അസിസ്റ്റാന്റായി ജോലിയിൽ പ്രവേശിച്ച്, വില്ലേജ് ഓഫീസറായി പെൻഷൻ പറ്റി. പെരിങ്ങഴ പള്ളി അക്കൗണ്ടന്റായി സേവനം തുടരവെ 5-12-83ൽ മരണമടഞ്ഞു. ടിയാന് മൂന്ന് ആൺമക്കളും 4 പെൺകുട്ടികളും ജനിച്ചു. ടിയാൻ താമസമാക്കിയത് വല്യാനിക്കൽ പുരയിടത്തിലായിരുന്നു. മക്കളുടെ വിവരങ്ങൾ :-

1. പോൾ - ഭാര്യ ഏലിയാമ്മ പുതിയേടത്ത് കാവന, 2 ആൺമക്കൾ.

2. ഏലിയാമ്മ - കോടമുള്ളിൽ ജോസഫിന്റെ മകൻ പ്ലാവൂട്ടി (ജോൺ) വിവാഹം ചെയ്തിരിക്കുന്നു. മൂത്ത മകൻ ജോസ് വൈദികൻ, കോതമംഗലം രൂപത.

3. മേരി - കാവന പള്ളിക്കമ്യാലിൽ മത്തച്ചൻ വിവാഹം ചെയ്തു.

4. അന്നകുട്ടി - ആലുവ തോട്ടക്കാട്ടുകര വലിയറ ഡോമനിക് വിവാഹം ചെയ്തു. 1 ആണും 1 പെണ്ണും മക്കൾ.

5. ലീലാമ്മ - മേമടങ്ങ് കോടമുള്ളിൽ പാപ്പച്ചൻ വിവാഹം ചെയ്തു.

6. ജോസഫ് - 32-ാം വയസ്സിൽ അവിവാഹിതനായി മരിച്ചു.

7. ജോണി- ഭാര്യ ഒക്കൽ തേക്കാനത്ത് ആനീസ്.

II. എൻ. പി. ജോസഫ് (പോളി) 1917 - വൃശ്ചികമാസത്തിൽ ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം പിതാവായ പൈലിയെ കൃഷി കാര്യങ്ങളിൽ സഹായിച്ചുവരവേ മീങ്കുന്നം കച്ചിറ - ബ്രശ്ശിയെ വിവാഹം ചെയ്തു. ജോസഫ് (കുഞ്ഞാപ്പ്) എന്ന പേരിലാണ് അറിയപ്പെട്ടിരിക്കുന്നത്. 4 ആൺകുട്ടികളും 2 പെൺകുട്ടികളും ഉണ്ട്.

എ) മക്കളിൽ മൂത്തയാൾ പോൾ - മുടവൂരിൽ താമസമാക്കി. ഭാര്യ ഡെയ്സി വെള്ളാപിള്ളിൽ. ഇവർക്ക് 3 ആൺമക്കൾ ഇളയമകൻ അമൽ വൈദീകൻ (എം. എസ്. എഫ്. എസ്)

ബി) ഏലിയാമ്മ പെരുംമ്പല്ലൂർ കൊല്ലമ്മാവുകുടിയിൽ പാപ്പച്ചൻ മകൻ ജോയിയെ വിവാഹം ചെയ്തു.

സി) ജോസഫ് - ഭാര്യ ചേലാട് ജോളിയാണ്. 2 ആൺ മക്കളും 1 പെൺകുട്ടിയും ഉണ്ട്. കാരകുന്നത്ത് വീട് വാങ്ങി താമസം. ഇലക്ട്രീഷൻ

ഡി) മാത്യു- ഭാര്യ പുത്തൻചിറ അൽഫോൻസയാണ്. അൽഫോൻസ ആരക്കുഴ പഞ്ചായത്ത് മുൻ മെമ്പറാണ്. ഇവർ തറവാട്ടിൽ പേങ്ങാട്ടിൽ താമസിക്കുന്നു. 2 പെൺകുട്ടികൾ, 2 പേരും വിവാഹിതരായി, അമേരിക്കയിൽ ജോലി.

ഇ) ജോൺസൺ - കോളേജ് വിദ്യാഭാസത്തിനുശേഷം ഓർഡർ ഓഫ് കാർമ്മൽ സന്യാസ സഭയിൽ ചേർന്നു. 29-06-1992ൽ വൈദീക പട്ടം സ്വീകരിച്ചു. രജത ജൂബിലി ആഘോഷിച്ച ഫാ. ജോൺ മരിയദാസ് കറുകുറ്റി കാർമ്മൽ നിവാസ് ധ്യാന കേന്ദ്രത്തിൽ ധ്യാന ഗുരുവാണ്.

III. എൻ. പി. ബ്രശി - 1920 ധനുമാസം 20-ാം തീയതി ജനിച്ചു. വണ്ടമറ്റം പന്തയ്ക്കൽ പി. സി. മാത്യു വിവാഹം ചെയ്തു. 4-ാമത്തെ ആൺകുട്ടിയുടെ പ്രസവത്തോടെ ബ്രശി നിര്യാതയായി. മക്കൾ 1. ജയിംസ്, 2. പോൾ, 3. ജോർജ്ജ്

IV. എൻ. പി. ജോൺ 29-12-1925ൽ ജനിച്ചു. സ്ക്കൂൾ പഠനശേഷം റവന്യൂ ഡിപ്പാർട്ട്മെന്റിൽ ജോലിയിൽ പ്രവേശിച്ചു. ഡെപ്യൂട്ടി തഹസീൽദാരായി വിരമിച്ചു. കരിക്കുന്നം മുഞ്ഞനാട്ട് മാത്യുവിന്റെ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ആനിക്കാട് ചിറയ്ക്കു സമീപം മടത്തിമ്യാൻ പുരയിടം വാങ്ങി പുര വച്ചു താമസിച്ചു. പിന്നീട് കോതമംഗലത്തും അവിടെ നിന്ന് ഐമുറി ലക്ഷമി നിവാസിലും മാറിമാറി താമസിച്ചു. പിന്നീട് ആയത്തുപടിയിൽ താമസമാക്കി. ഭാര്യ ത്രേസ്യാമ്മ 26-01-93ൽ ഉദരത്തിലെ ട്യൂമർ രോഗം മൂലം മരണമടഞ്ഞു. ഇവർക്ക് 3 ആണും 5 പെൺ മക്കളും ഉണ്ട്. ജോൺ 17-07-2002ൽ മരണമടഞ്ഞു.

മൂത്തമകൻ ബാബു എന്നു വിളിക്കുന്ന മാത്യു കറുകുറ്റി തിരുമുടിക്കുന്ന് പാറേക്കാടൻ വർഗീസ് മകൾ ലില്ലിയെ വിവാഹം

ചെയ്തു. രണ്ട് ആൺകുട്ടികൾ ഉണ്ട്. ഉണ്ണി – ന്യൂസിലാൻഡ്, പോൾ – ജർമ്മനി.

രണ്ടാമത്തെ മകൻ പോൾ (സാജു) (ഹാർഡ് വെയർ മർച്ചന്റ്) കുളപ്പുറം ചുണ്ടാട്ട് ജോസഫിന്റെ മകൾ ടെസ്സിയെ വിവാഹം ചെയ്തു. രണ്ട് ആൺകുട്ടികളും 1 പെൺകുട്ടിയും ഉണ്ട്.

മൂന്നാമത്തെ മകൾ എമിലി, കാലടി പട്ടത്തി എസ്തപ്പാൻ മകൻ ജോസ് വിവാഹം ചെയ്തു.

നാലാമത്തെ മകൾ ലൗലി മുതലക്കോടം ചെമ്പരത്തിയ്ക്കൽ ചാക്കോയുടെ മകൻ ടോമി വിവാഹം ചെയ്തു.

അഞ്ചാമത്തെ മകൾ ആനി നിലമ്പൂർ ചുങ്കത്തറ മരുതനാം കുഴിവർക്കി മകൻ തങ്കച്ചൻ കല്ല്യാണം കഴിച്ചു.

ആറാമത്തെത് ലാലിയും ഏഴാമത്തെത് മാർട്ടിനും ഇരട്ടകുട്ടികൾ ആണ്. ലാലി പഠനശേഷം കമ്പ്യൂട്ടർ ഒപ്പറേറ്ററായി സേവനം ചെയ്യുന്നു, മുതലക്കോടം കളമ്പൂർ സ്വദേശി പോൾ വിവാഹം ചെയ്തിരിക്കുന്നു. മാർട്ടിൻ ഗ്വാളിയാറിൽ ജെ. കെ. ടയർ കമ്പനിയിൽ ജോലി കഴിഞ്ഞ് മൂക്കന്നൂർ വാഴക്കാല ജോസഫിന്റെ മകൾ സെനിയെ വിവാഹം ചെയ്ത് ഇറ്റലിയിൽ ജോലി ചെയ്യുന്ന 2 മക്കളുണ്ട്. 1 ആണും 1 പെണ്ണും.

എട്ടാമത്തെ പെൺകുട്ടി ജൂലി ഒക്കൽ ചുള്ളിയിൽ ജോജി വിവാഹം ചെയ്തു.

V. എൻ. പി. ചാക്കോ- പഠനത്തിനിടയിൽ പഠിത്തം നിർത്തി മലബാർ പര്യടനം നടത്തി. ഇരട്ടിയിൽ ഏതാനും വർഷം താമസിച്ച ശേഷം വീട്ടിൽ തിരിച്ചെത്തി. പിതാവായ പൈലിയെ കൃഷികാര്യങ്ങളിൽ സഹായിച്ചു വരവേ ശ്വാസകോശ ട്യൂമർ മൂലം 1965 ഡിസംബർ 5-ാം തീയതി നിര്യാതനായി. വിവാഹം കഴിച്ചിരുന്നില്ല.

VI എൻ. പി. പോൾ- 1933 മാർച്ച് 2-ാം തീയതി ജനിച്ചു. എസ്. എസ്. എൽ. സി പാസ്സായിട്ട് ആനിക്കാട് സെന്റ് ആന്റണീസ് എൽ. പി. സ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്തു. 1953ൽ നിർമ്മല കോളേജിൽ ചേർന്ന് ഇന്റർമീഡിയറ്റ് പാസായി. 1956ൽ ജൂഡീഷ്യൽ ഡിപ്പാർട്ട്മെന്റിൽ കോപ്പിസ്റ്റായി ജോലിയിൽ പ്രവേശിച്ചു. 1961ൽ വനം വകുപ്പിൽ ക്ലർക്കായി ജോലി കിട്ടി. 1963-ൽ സെപ്റ്റംബർ 10ന് മൂവാറ്റുപുഴ തോട്ടത്തിൽ സേവ്യറിന്റേയും അന്നയുടേയും മകൾ അന്നകുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് 4 ആൺകുട്ടികളും 2 പെൺകുട്ടികളും ജനിച്ചു. പോൾ കോതമംഗലം ഡി. എഫ്. ഒ ഓഫീസ് മാനേജറായി റിട്ടയർ ചെയ്യുന്നു.

മൂത്തകുട്ടി അലോഷ്യസ് എന്നു വിളിക്കുന്ന പോൾ 1964ൽ ജനിച്ചു. ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽ നിന്നും Bed പാസ്സായ ശേഷം കേരള ഗവ: സർവീസിൽ കാർഷികാദായ നികുതി വിൽപ്പന നികുതി വകുപ്പിൽ ക്ലാർക്കായി 1992ൽ ജോലിയിൽ പ്രവേശിച്ചു. ഭാര്യ വാഴക്കുളം പൂക്കാട്ട് (നമ്പ്യാ പറമ്പിൽ) ജോസഫിന്റെ മകൾ ജിജിമോൾ അദ്ധ്യാപികയാണ്. 2 കുട്ടികൾ 1. ദീപക് - ഡിഗ്രി പഠനം പൂർത്തിയാക്കി. രണ്ടാമത്തെ കുട്ടി ബീന 1967ൽ ജനിച്ചു. 1991 ജനുവരി 6-ാം തീയതി പഴങ്ങനാട് പാത്തികുളങ്ങര ജോസഫിന്റെ മകൻ

ബേബിയുമായി വിവാഹം ചെയ്തു.

മൂന്നാമത്തെ മകൻ സിജി (ഫ്രാൻസിസ്) 1970 മാർച്ച് 2-ാം തീയതി ജനിച്ചു. പി.ഡി.സി പാസായശേഷം ബി.ടെക്ക് (മെക്കാനിക്കൽ) ഡിഗ്രി കോതമംഗലം എം.എ കോളേജിൽ നിന്നും നേടി. സിജി വെളിയേൽചാൽ കളപ്പുരയ്ക്കൽ ചാക്കോയുടെ മകൾ പ്രീതയെ വിവാഹം കഴിച്ചു. ഇവർക്ക് 2 മക്കൾ ഷിപ്പിംഗ് കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ മൈറൻ എഞ്ചിനീയറായി വിദേശ കപ്പലുകളിൽ ജോലി ചെയ്യുന്നു.

നാലമത്തെ മകൻ കുഞ്ഞുമോൾ (ജോസ്പോൾ) 1973-ൽ ജനിച്ചു. ഹൈസ്ക്കൂൾ പഠന ശേഷം ഫിസിക്സിൽ ബിരുദം നേടി. എം. സി. എ പാസ്സായി. ഭാര്യ ചേർത്തുങ്കൽ ഇലഞ്ഞികുളം ജോസഫിന്റെ മകൾ മിനിമോൾ. ഇവർക്ക് 2 ആൺകുട്ടികളും 1 പെൺകുട്ടിയും. കാനഡയിൽ ഒട്ടാവയിൽ കുടുംബ സഹിതം താമസിക്കുന്നു.

അഞ്ചാമത്തെ കുഞ്ഞുമോൾ ലിസ്സി 1976ൽ ജനിച്ചു. ഹൈസ്ക്കൂൾ പഠനശേഷം നേഴ്സിംഗ് പാസ്സായി കാനഡയിൽ കുടുംബസേമതം താമസിക്കുന്നു. ഭർത്താവ് മള്ളുശ്ശേരി കണ്ണമ്പുഴ ആന്റണി മകൻ തോമസ് – 2 മക്കൾ.

ആറാമത്തെ മകൻ ജോർജ് 1982ൽ ജനിച്ചു. ഹൃദ്രോഗം മൂലം 1991 മാർച്ച് 16-ാം തീയതി നിര്യാതനായി.

VII എൻ. പി. മേരി – 1936ൽ ജനിച്ചു. മിഡിൽ സ്ക്കൂൾ പഠനത്തിനുശേഷം ആരക്കുഴ റാത്തപ്പിള്ളിൽ (മീമ്പൂറ്) ജോൺ ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് 3 ആണും 3 പെൺ മക്കളും ഉണ്ടായി.

മത്തായി പൈലി (പൂത്തോത്ത്) 1975 ഡിസംബർ 25-ാം നിര്യാതനായി. ഭാര്യ ഏലി 1961 ജനുവരി 6-ാം തീയതി നിര്യാതയായി.

### II. മത്തായി മത്തായി

നീരോലിക്കൽ തറവാട്ടിൽ നിന്നും മൂലാനിക്കൽ പുരയിടത്തിൽ വീടുവച്ച് മത്തായി മത്തായി താമസമാക്കി. മത്തായി മാറാടി വലിയമറ്റത്തിൽ അയ്പിന്റെ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ആ ഭാര്യയിൽ ബ്രശി, മാത്യു എന്നിങ്ങനെ രണ്ട് മക്കൾ ജനിച്ചു. ഭാര്യ മറിയാമ്മ ടൈഫോയിഡ് രോഗം മൂലം മരിച്ചു. പിന്നീട് ടിയാൻ കാക്കൂർ വാളാംകോട്ട് അവിരയുടെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ആ ഭാര്യയിൽ 4 പെൺമക്കളും 1 ആൺകുട്ടിയും ജനിച്ചു.

ആദ്യ വിവാഹത്തിലെ മകൾ ബ്രശിയെ മാറാടി പുത്തൻപുരയ്ക്കൽ കല്ല്യാണം കഴിച്ചു. അവർ അവിടെ നിന്നും മലബാറിലെ കോടഞ്ചേരിയിലേക്ക് കുടിയേറി താമസിച്ചു. മകൻ എൻ. എം. മാത്യു മലയാളം ഹയർ പരീക്ഷ പാസ്സായി അദ്ധ്യാപകനായി. ആദ്യം പെരിങ്ങഴ പള്ളി വക സ്കൂളിലും പിന്നീട് സർക്കാർ സർവ്വീസിലും ജോലി നോക്കി, വിരമിച്ചു. മാത്യു മാറാടിയിൽ തുപ്പുംകര കുര്യൻ വൈദ്യരുടെ മകൾ ഏലിക്കുട്ടിയെ വിവാഹം കഴിച്ച്, തുപ്പുംകര വീട്ടിൽ തന്നെ താമസമാക്കി. 2 ആൺ മക്കളും 2 പെൺമ

ക്കളും ഉണ്ട്.

1. കുഞ്ഞുമോൻ (കുര്യൻ മാത്യു) കാർഷിക വികസന ബാങ്കിൽ ജോലി നോക്കുന്നു. ഭാര്യ സെലിൻ കൊല്ലയ്ക്കൽ ആയൂർവേദ ഡോക്ടർ ആണ്. രഞ്ജിത്ത് കുര്യൻ, ഗൗതം കുര്യൻ എന്നിവർ മക്കൾ.

2. റോയി മാത്യു കേരള ഫോറസ്റ്ററായി സേവനം അനുഷ്ഠിക്കുന്നു. ഭാര്യ എൽസി നെല്ലികുന്നേൽ. ഇവർക്ക് 2 മക്കൾ ഉണ്ട്.

മത്തായിയുടെ രണ്ടാം വിവാഹത്തിൽ ഉണ്ടായ മക്കൾ

1. മൂത്തമകൾ എൻ. എം. മേരി 1933-ൽ ജനിച്ചു. വാഴക്കുളം വടക്കും പറമ്പിൽ വിവാഹം ചെയ്തു. ഇവർക്ക് 5 ആൺ മക്കൾ.

2. എൻ. എം. ഏലിയാമ്മ. ഹൈസ്ക്കൂൾ പഠനശേഷം ടീച്ചറായി പെരിങ്ങഴ പള്ളി വക സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. പെരുംമ്പല്ലൂർ കരിക്കോത്തുവീട്ടിൽ കുര്യൻ മകൻ ജോസിനെ ടീച്ചർ വിവാഹം ചെയ്തു. ഇവർക്ക് 3 പെണ്ണും 1 ആൺകുട്ടിയും.

3. അന്നകുട്ടി - പഠനശേഷം കടവൂർ ഏനാനിക്കൽ വർക്കിച്ചൻ വിവാഹം ചെയ്തു. ഇവർക്ക് 3 ആണും 2 പെൺകുട്ടികളുമുണ്ട്.

4. ഇളയ മകൾ ത്രേസ്യാമ്മ - കാളിയാർ പള്ളി വക സ്കൂളിൽ അദ്ധ്യാപികയാണ്. കാവക്കാട് വടക്കേക്കര (നമ്പ്യാപറമ്പിൽ) ലൂക്കോസ് വിവാഹം ചെയ്തു. ഇവർക്ക് 2 കുട്ടികൾ ഉണ്ട്.

ഏറ്റവും ഇളയ മകൻ എൻ. എം. ജോസഫ് 8-9-1946 ജനിച്ചു. ഹൈസ്ക്കൂൾ പഠനശേഷം നിർമ്മലാ കോളേജിൽ നിന്നും ബി.കോം പാസ്സായി. ആനിക്കാട് കോ ഓപ്പറേറ്റിവ് ബാങ്കിൽ സെക്രട്ടറിയായി ജോലിയിൽ നിന്ന് വിരമിച്ചു. ടിയാൻ വാഴക്കുളത്ത് വടക്കുംപറമ്പിൽ (നാൻസി) ത്രേസ്യായെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് പെൺമക്കളും ഒരു ആൺ മകനും ജനിച്ചു. ജോസഫ് 23-2-2007 മരണമടഞ്ഞു.

മൂത്തമകൻ സിനി നിർമ്മല കോളേജിൽ നിന്നും പ്രി. ഡിഗ്രി പഠനശേഷം പുല്ലുവഴി പൂവൻ ജോസ് മകൾ തോമസ് വിവാഹം ചെയ്തിരിക്കുന്നു.

സിനു എന്നു വിളിക്കുന്ന മകൻ മാത്യു 1977ൽ ജനിച്ചു. ഡിഗ്രി പാസ്സായ ശേഷം എൻഞ്ചിനിയറിംഗ് പാസായി ബാംഗ്ലൂർ ജോലി നോക്കുന്നു. ഭാര്യ മേരി മാഗ്ദലിൻ, (സൗമ്യ) തോട്ടുമുഖം.

മൂന്നാമത്തെ മകൾ സീജാ, പേങ്ങാനത്ത് റോബിൻ വിവാഹം ചെയ്തിരിക്കുന്നു. ഇളയമകൾ സീന പഠന ശേഷം ചാലക്കുടിയിൽ മുണ്ടൻമാണി വീട്ടിൽ ബിബിൻ വിവാഹം ചെയ്തിരിക്കുന്നു.

### III. മത്തായി ചാക്കോ

നീരോലിക്കലൽ തറവാട്ടിൽ താമസമാക്കിയ ഇളയമകൻ ചാക്കോ ആരക്കുഴ പുലക്കുടുയിൽ ഏലിയെ വിവാഹം കഴിച്ചു. മത്തായി ചാക്കോ 1975 ജൂൺ 20-ാം തീയതി തലച്ചോറിലെ രക്തസമ്മർദ്ദം മൂലം നിര്യാതനായി. ടിയാന് 4 ആൺമക്കളും 2 പെൺമക്കളും ജനിച്ചു.

## എൻ.സി മത്തായി – (കുഞ്ഞു മത്തായി)

1927– ൽ ജനിച്ചു. മലയാളം മിഡിൽസ്കൂൾ പഠനം കഴിഞ്ഞ് പിതാവായ ചാക്കോയെ കൃഷികാര്യങ്ങളിൽ സഹായിച്ചു വരവെ, ആരക്കുഴ വെള്ളപ്ലാക്കിൽ ഏലീശ്വയെ വിവാഹം കഴിച്ചു. പിന്നീട് ഒറപ്പാറ പുരയിടത്തിൽ പുര പണിത് മാറി താമസിച്ചു. അവർക്ക് 4 ആണും 4 പെണ്ണും ജനിച്ചു. മത്തായി മൂത്തമകൻ ജെയിംസിന്റെ വീട്ടിൽ വച്ച് പ്രായാധിക്യത്താൽ മരണമടഞ്ഞു.

1. മൂത്തമകൻ ജെയിംസ് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം വാച്ച് റിപ്പയർ പരിശീലനം നേടി. തുടർന്ന് അരിക്കുഴ കൊമ്പനാതോട്ടത്തിൽ റീത്താമ്മയെ കല്ല്യാണം കഴിച്ചു. റീത്താമ്മ നെടുംചാലിൽ ആശുപത്രിയിൽ നേഴ്സായി സേവനം നടത്തുന്നു. ഇവർക്ക് 2 മക്കൾ ജനിച്ചു.

2. രണ്ടാമത്തെ മകൾ എൽസമ്മയെ നാഗപ്പുഴ കല്ലറയ്ക്കൽ ബേബി വിവാഹം ചെയ്തു.

3. മൂന്നാമത്തെ മകൻ ജോണി ഹൈസ്ക്കൂൾ പഠന ശേഷം ഇലക്ട്രീഷ്യനായി കഴിയുന്നു. മാനന്തവാടിയിൽ കല്ലറയ്ക്കൽ വീട്ടിൽ കുസുമത്തെ വിവാഹം കഴിച്ചു. 2 ആൺ മക്കൾ

4. നാലാമത്തെ മകൻ ജോസ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് കടവൂർ ആര്യാപ്പിള്ളിൽ വർഗീസ് മകൾ മോളിയെ വിവാഹം ചെയ്തിരിക്കുന്നു. ഇവർക്ക് 2 മക്കൾ ഉണ്ട്.

5. മകൻ തോമസ് 1962ൽ ജനിച്ചു. ഹൈസ്ക്കൂൾ പഠനം കഴിഞ്ഞ് വിൻസെൻഷ്യൻ കോൺഗ്രിഗേഷനിൽ ചേർന്ന് വൈദിക പഠനം നടത്തി. പൂനാ പേപ്പൽ സെമിനാരിയിൽ വൈദീക പഠനം പൂർത്തിയാക്കി. 8–10–1988ൽ തിരുപ്പട്ടം സ്വീകരിച്ച് സത്ന രൂപത യിൽ മിഷൻ പ്രവർത്തനം നടത്തി. ഇപ്പോൾ പെറുവിൽ മിഷനറി പ്രവർത്തനം നടത്തുന്നു. 1997ൽ റോമിൽ നിന്നും ഡോക്ട്ടറേറ്റ് ബിരുദം കരസ്ഥമാക്കി.

6. മകൾ മേരി – കുളപ്പുറം നെടുങ്ങാട്ട് മാണി മകൻ ഡൊമ നിക് വിവാഹം ചെയ്തു.

7. മകൾ റീന (കൊച്ചുറാണി) ബി.കോം പാസ്സായശേഷം കമ്പ്യൂട്ടർ പരിശീലനം നേടി. മൈലകൊമ്പ് കീരിക്കാട്ട് തോമസ് മകൻ ജോജോ വിവാഹം ചെയ്തിരിക്കുന്നു.

8. മകൾ ബീന ബി.കോം പഠനം പാസായി. അറക്കുളം മണ്ണാപറമ്പിൽ വീട്ടൽ ടോമി വിവാഹം കഴിച്ചിരിക്കുന്നു. ശ്രീ. എൻ. സി. മത്തായിയുടെ ഭാര്യാ ഏലി 16–10–1992ൽ നിര്യാതയായി.

ബി. എൻ.സി. ബ്രശി – പാലമറ്റം അവരാപ്പാട്ട് ഇട്ടൂപ്പ് ജോസഫ് വിവാഹം ചെയ്തു.

ബി. സി. ജോസഫ് – 14–04–1933ൽ ജനിച്ചു. ഹൈസ്ക്കൂൾ പൂർത്തിയാക്കിയശേഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായി സർക്കാർ സർവ്വീസിൽ പ്രവേശിച്ച് ബി.ഡി.ഒ ആയി അടിമാലി, വെട്ടക്കവല, എന്നീ ബ്ലോക്കുകളിൽ ജോലി ചെയ്തു. 1988ൽ ജോലിയിൽ നിന്നും റിട്ടയർ ചെയ്തു. ഭാര്യ കാക്കൂർ കണിയാംപറ മ്പിൽ സേവ്യറിന്റെ മകൾ ചിന്നമ്മ. ഇവർക്ക് മേഴ്സി എന്ന് ഏകമ

കൾ പാമ്പാക്കുട കിംഗ്സ് കോട്ടേജിൽ ഏലിയാസ് മകൻ നോബിൾ വിവാഹം ചെയ്തു താമസിക്കുന്നു. ജോസഫ് ഭാര്യ ചിന്നമ്മ 02-03-2004 മരണമടഞ്ഞു.

ഡി. എൻ.സി. പോൾ - കുഞ്ഞിപൈലോൻ എന്നു വിളിക്കുന്ന പോൾ വിദ്യാർത്ഥിയായിരിക്കെ മരണമടഞ്ഞു.

ഇ. എൻ. സി. മേരി - മറിയക്കുട്ടി എന്നും വിളിക്കും. നെല്ലിമറ്റം പാറങ്ങ്യമ്യാലിൽ സേവ്യർ മകൻ വർക്കിയാണ് വിവാഹം ചെയ്തിരിക്കുന്നത്. പിന്നീട് അവർ അവിടെ നിന്നും വെള്ളത്തൂവൽ അടുത്ത് പോത്തുപാറയെന്ന സ്ഥലത്തേക്ക്മാറി താമസിക്കുന്നു.

എഫ്. എൻ.സി. ജോൺ - കുഞ്ഞുക്കുട്ടി എന്നുവിളിക്കുന്ന ജോൺ എസ്.എസ്.എൽ.സി പാസ്സായശേഷം ഏതാനും വർഷം പട്ടാളത്തിൽ സേവനം ചെയ്തു. ഇതിനിടയിൽ രോഗം മൂലം ജോലിയിൽ നിന്ന് വിരമിച്ചു. മരത്തിൽ നിന്നും വീണ് മരണമടയുകയും ചെയ്തു. വിവാഹം കഴിച്ചിരുന്നില്ല.

### മത്തായി പൈലി

മത്തായി മത്തായി, മത്തായി ചാക്കോ എന്നിവർക്ക് 5 സഹോദരിമാർ ഉണ്ടായിരുന്നു. മൂത്തമകൾ അന്നമ്മയെ മുതലക്കോടം കൊച്ചുപറമ്പിൽ (താണിക്കൽ) വിവാഹം ചെയ്തു. രണ്ടാമത്തെ സഹേദരി ഏലിയെ ആനിക്കാട് മണിമലക്കുടി (മോളോത്ത്) മത്തായി വിവാഹം ചെയ്തു. മൂന്നാമത്തെ സഹോദരി ത്രേസ്യായെ പുന്നമറ്റത്ത് തെക്കേകുന്നേൽ പാപ്പു വിവാഹം ചെയ്തു. നാലാമത്തെ മകൾ റോസയെ മൈലകൊമ്പ് മാളിയേക്കൽ വർഗീസ് കല്ല്യാണം ചെയ്തു. അഞ്ചാമത്തെ മകൾ ബ്രശി കാവന മറ്റപ്പിള്ളിൽ കല്ല്യാണം കഴിച്ചു. അവർക്ക് ഒരു പെൺകുട്ടി ജനിച്ചു കഴിഞ്ഞ് ഭർത്താവ് മരിച്ചു. മകളെ മുണ്ടാട്ടിൽ കുഞ്ഞഗസ്തി വിവാഹം ചെയ്തു. ബ്രശി 31-08-1992 ൽ നിര്യാതയായി.

### ബി. വള്ളിനാൽ ശാഖ

നീരോലിക്കൽ പൈലി മകൻ ചാക്കോ (മാത്തു പൈലിയുടെ രണ്ടാമത്തെ മകൻ) പുക്കോട്ടുകുളത്തിനു സമീപം വള്ളിനാൽ പുരയിടത്തിൽ കെട്ടിടം വച്ച് മാറി താമസിച്ചു. ചാക്കോ ഏനാനല്ലൂർ മോളത്ത് ഏലിയെ വിവാഹം ചെയ്തു. അവർക്ക് 5 ആൺമക്കളും 3 പെൺമക്കളും ജനിച്ചു. ചാക്കോ 1956ലും ഏലി 1962ലും നിര്യാതരായി.

എ. മൂത്ത മകൻ ചാക്കോ പൈലി - ശ്രീ പൈലി വടകര പള്ളി ഇടവക ഒലിയപ്പുറം കരയിൽ കുറുമ്പാത്ത് (മുർപ്പനാട്ട്) ഏലിയെ വിവാഹം ചെയ്തു. ഇവർ കാരിമറ്റത്ത് താമസമാക്കി. ഇവർക്ക് 4 ആൺമക്കളും 6 പെൺമക്കളും ജനിച്ചു.

1. ഏലി 1906ൽ ജനിച്ചു. ഏലിയെ കുറവിലങ്ങാട്ട് മറ്റത്തിൽ മാണി വിവാഹം ചെയ്തു.
2. മറിയം 1909ൽ ജനിച്ചു. പെരുമ്പല്ലൂർ പുതുശ്ശേരി വില്ലാട്ട് ചാക്കോ സാർ വിവാഹം ചെയ്തു.
3. കുര്യാക്കോസ് 1912ൽ ജനിച്ചു. അരിക്കുഴ താഴത്തുവീട്ടിൽ മറി

യത്തെ വിവാഹം കഴിച്ചു. ഭാര്യ അധികം താമസിക്കാതെ കുട്ടകൾ ഇല്ലാതെ മരിച്ചു. വിഭാര്യനായി കുര്യാക്കോസ് ജീവിച്ചു. 02-4-2001ൽ മരണമടഞ്ഞു.

4. അന്നമ്മ 1915ൽ ജനിച്ചു. ആനിക്കാട് സെന്റ് ആന്റണീസ് എൽ. പി സ്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്തു റിട്ടയർ ചെയ്തു. അവിവാഹിതയാണ്. 23-4-2003 നിര്യാതയായി.

5. ത്രസ്യാമ്മ 1917ൽ ജനിച്ചു. ആയവന എസ്. എച്ച്. എൽ. പി സ്കൂളിൽ ടീച്ചറായി സേവനം ചെയ്തു ജോലിയിൽ നിന്നു വിരമിച്ചു. വിവാഹം ചെയ്തിരുന്നില്ല. 18-2-1996ൽ നിര്യാതയായി.

6. പൈലി 1919ൽ ജനിച്ചു. രാമപുരം വള്ളോംകോട്ട് മറിയത്തെ വിവാഹം ചെയ്തു. ഇവർ കുട്ടുകല്ല് പുരയിടത്തിൽ താമസമാക്കി. ഇവർക്ക് 4 ആൺകുട്ടികളും ഒരു പെൺകുട്ടിയും ജനിച്ചു. 02-11-1990ൽ വാർദ്ധ്യക്യ സഹജമായ രോഗം മൂലം നിര്യാതനായി. ഭാര്യ മറിയം 22-12-2009ൽ നിര്യാതയായി.

1. മക്കളിൽ മൂത്ത മകൻ പൗലോസ് ആനിക്കാട് സെന്റ് ആന്റണീസ് എൽ. പി സ്കൂളിൽ അദ്ധ്യാപകനായി റിട്ടയർ ചെയ്തു. ഭാര്യ മറിയം ചീനിക്കുഴി ചെമ്പരത്തിങ്കൽ, മറിയം ആനിക്കാട് സ്കൂൾ ടീച്ചർ ആയി സേവനം ചെയ്തു റിട്ടയർ ചെയ്തു. ഇവർക്ക് 2 ആൺകുട്ടികളും 1 പെൺകുട്ടിയും ജനിച്ചു.

2. സെബാസ്റ്റ്യൻ – ഹൈസ്ക്കൂൾ പഠനത്തിന് ശേഷം കൃഷികാര്യങ്ങൾ നോക്കി നടത്തുന്നു. അവിവാഹിതനാണ്.

3. മൂന്നാമത്ത മകൾ ലീലാമ്മ – പഠനശേഷം വെളിയന്നൂർ പുളയ്ക്കൽവീട്ടിൽ കുരുവിള വിവാഹം ചെയ്തു.

4. ജോസഫ് – ഹൈസ്ക്കൂൾ പടനത്തിനുശേഷം കൃഷികാര്യങ്ങൾ നടത്തിവരുന്നു. ഭാര്യ, ഗ്രേസി, മാറാടി കിഴക്കൻ പുതപ്പള്ളിയിൽ. ഇവർ കൂട്ടകല്ല് പുരയിടം വിറ്റ് കണ്ണൂർ, ആലക്കോട്ട് താമസമാക്കി. ഇവർക്ക് 3 പെൺമക്കൾ ജനിച്ചു.

5. ജയിംസ് – ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കി ജെ.ടി.ഐ പഠിച്ചു. ഇപ്പോൾ കൃഷി നോക്കി നടത്തുന്നു. ഭാര്യ ജോളി തൃക്കാരിയൂർ അമ്പലക്കാട്ട്. 3 മക്കൾ ജനിച്ചു.

7. റോസാ – 1922ൽ ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം ഏഴല്ലൂർ മടത്തിനാൽ ചാക്കോ വിവാഹം ചെയ്തു.

8. ബ്രജീത്ത– 1925ൽ ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം കുറവിലങ്ങാട് കളത്തൂർ പാറക്കുന്നേൽ മാണി വിവാഹം ചെയ്തു.

9. മത്തായി 1927ൽ ജനിച്ചു. മുതലക്കോടം വടക്കുംപറമ്പിൽ ഇട്ടീര മകൾ കത്രീനയാണ് ഭാര്യ. കൃഷിയായിരുന്നു മുഖ്യതൊഴിൽ. ഇവർക്ക് 4 പെൺമക്കളും ഒരാണും ജനിച്ചു. മത്തായി 21-08-1991 നിര്യാതനായി. കത്രീനാമത്തായി 21-05-2011ലും നിര്യാതയായി.

മൂത്തമകൾ ഏലിയെ (എമിലി) അടിമാലി തച്ചിയത്ത് മത്തായി വിവാഹം ചെയ്തിരിക്കുന്നു.

2-ാമത്തെ മകൾ സാലിയെ കുളപ്പുറം ആടുകുഴിയിൽ പോളിന് വിവാഹം ചെയ്തു കൊടുത്തു.

3-ാമത്തെ മകൾ റാണിയെ കുരിയിച്ചിറ പൊറത്തുക്കാരൻ വിൽസൺ വിവാഹം ചെയ്തിരിക്കുന്നു.

4-ാമത്തെ മകൾ അനില - ഹൈസ്ക്കൂൾ പഠനശേഷം എസ്. എച്ച് കോൺവെന്റിൽ ചേർന്ന് കന്യാസ്ത്രീയായി സി. അനില എന്ന പേര് സ്വീകരിച്ച് മുതലക്കോടം ആശുപത്രിയിൽ നേഴ്സായി ശുശ്രൂഷ ചെയ്യുന്നു.

5-ാമത്തെ ഇളയമകൻ ബിജു (മാത്യു) തറവാട്ടിൽ കൃഷി കാര്യങ്ങൾ നോക്കി കഴിഞ്ഞിരിന്നു. ഭാര്യ ബീന (നിഷ) രാജകുമാരി, കുരിശിങ്കൽ ബിജു രോഗം മൂലം 25-4-2015ൽ നിര്യാതനായി. ഇവർക്ക് ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും ജനിച്ചു. ശ്രീ മത്തായി കാൻസർ രോഗം മൂലമാണ് നിര്യാതനായത്.

10. സെബാസ്റ്റ്യൻ- 1929ൽ ജനിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം എറണാകുളം മൈനർ സെമിനാരിയിൽ ചേർന്ന് പഠിച്ചു. (ആലുവ, മംഗലപ്പുഴ) സെമിനാരിയിൽ നിന്നും പഠനം പൂർത്തിയാക്കി 14-03-1957ൽ വൈദിക പട്ടം സ്വീകരിച്ചു കോതമംഗലം രൂപതയുടെ രൂപീകരണത്തോടെ ആ രൂപതയുടെ വിവിധ പളളികളിൽ അജപാലനം നടത്തിവരവേ 2-12-1995ൽ ഹൃദയാഘാതം മൂലം തൃപ്പൂണിത്തറ ആർ.സി.എം ആശുപത്രിയിൽ വച്ച് മരണമടഞ്ഞു. നീരോലിക്കൽ കുടംബത്തിന്റെ ചരിത്രവും കുടുംബയോഗവും സ്ഥാപിക്കുന്നതിൽ നേതൃത്വം കൊടുത്തു.

**ബി. ചാക്കോവർക്കി**

പൈലി ചാക്കോയുടെ രണ്ടാമത്തെ മകനായ വർക്കി പെരുമ്പല്ലൂർ അമ്പാട്ട് (കൊച്ചുമലേകുടിയിൽ) മറിയത്തെ വിവാഹം ചെയ്തു ദത്തു നിന്നു. അവർക്ക് 7 കുട്ടികൾ ഉണ്ടായി. മറിയം 1971 നവംബർ 6-ാം തീയതി നിര്യാതയായി. വർക്കി 05-2-1981ൽ മരിച്ചു. മക്കൾ 1. വർക്കി കുര്യാക്കോസ്.

ആദ്യത്തെ ഭാര്യ വാഴക്കുളത്തെ പളളത്ത് ഏലീശ്വയാണ്. ഇവർക്ക് ജോർജ് എന്ന ഒരു മകൻ ജനിച്ചു. ജോർജ് വിവാഹം കഴിച്ചത് പെരുംമ്പല്ലൂർ വെട്ടിക്കുഴ ലിസിയെ അവിടെ ദത്തു നിന്നു. ഇവർക്ക് ഒരു പെണ്ണും രണ്ട് ആണും ഉണ്ടായി.

2. മൂത്ത മകൻ ചാക്കോ കല്ലൂർക്കാട് വട്ടക്കുഴിയിൽ നിന്ന് (കല്ലൂർക്കാട്) അന്നകുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് 2 ആണും 1 പെണ്ണും ഉണ്ട്. മകൻ ജോസ് മാറാടി കുരിശിങ്കൽ നിന്ന് ലില്ലിയെ വിവാഹം കഴിച്ചു. ഇവർക്ക് 3 മക്കൾ ജനിച്ചു. അനീഷ, ആശ, അലക്സ് എന്നിവരാണ് മക്കൾ. വർക്കി കുര്യാക്കോസ്. 18-09-2000ൽ നിര്യാതനായി. 2. മകൾ മേരി ജോണി ഞാറക്കാട് പൂവത്തിങ്കൽ കല്ല്യാണം കഴിച്ചു. 3. ജോയി ജേക്കബ് വടാട്ടുപാറ ഇടപ്പലവൻ വീട്ടിൽ മേരിയെ വിവാഹം ചെയ്തു. ഇവർക്ക് 2 കുട്ടികൾ.

3. മകൾ ഏലിക്കുട്ടിയെ മടക്കത്താനം മൂഞ്ഞനാട്ട് അബ്രഹാം വിവാഹം കഴിച്ചു. 19-03-1967ൽ വർഷം.

4. അന്നക്കുട്ടി- അവിവാഹിതയായി സഹോദരന്റെ കൂടെ താമസം. 24-03-2005ൽ മരണമടഞ്ഞു.

5. മറിയക്കുട്ടി - ആയവന അയ്യൻകോലിൽ ജോസഫ് കല്ല്യാണം കഴിച്ചു.

6. മാണി- താമസം മലബാറിൽ - കാളികാവ് (മലപ്പുറം) മാണി വിവാഹം കഴിച്ചിരിക്കുന്നത് പെരുംമ്പല്ലൂർ വെട്ടിക്കുഴ അന്ന കുട്ടിയെയാണ്. ഇവർക്ക് 5 ആൺകുട്ടികളും 2 പെൺകുട്ടികളും ജനിച്ചു. മൂത്തമകൻ ബേബി ഞാറക്കാട് മഠത്തിൽ ലിസിയെ വിവാഹം ചെയ്ത് അവിടെ ദത്തു നിൽക്കുന്നു. ഇവർക്ക് 2 മക്കൾ ജനിച്ചു. രണ്ടാമത്തെ മകൻ ജോണി (കാളികാവ്) എടക്കര ചെറുപ റമ്പിൽ ഷീബയെ വിവാഹം ചെയ്തിരിക്കുന്നു. ഇവർക്ക് 2 കുട്ടികൾ ഉണ്ട്. മൂന്നാമത്തെ മകൻ ജോഷി 19-12-2011ൽ നിര്യാതനായി. നാലാമത്തെ മകൾ കൊച്ചുറാണി കരിവാരകുണ്ട് പന്തയ്ക്കൽ ബാബുവാണ് വിവാഹം ചെയ്തിരിക്കുന്നത്. അഞ്ചാമത്തെ മകൾ റിറ്റിയെ ഇടപ്പള്ളി വല്ല്യപടിക്കൽ രാജു വിവാഹം ചെയ്തിരിക്കുന്നു. ആറാമത്തെ മകൻ മനോജ് അടിമാലിയിൽ 1000 ഏക്കറിൽ താമസി ക്കുന്നു. ഭാര്യ ലിജി ഇവർക്ക് 2 കുട്ടികൾ 7മത്തെ മകൻ ബിജോയി മലപ്പുറത്ത് കാളികാവിൽ താമസിക്കുന്നു. നിലമ്പൂർ കരിവേലിൽ മഞ്ജുവാണ് ഭാര്യ. രണ്ട് കുട്ടികൾ ഉണ്ട്.

7. വർക്കി വർഗീസ് (പാപ്പു) കോതമംഗലത്ത് ഇലഞ്ഞേ ടത്ത് വീട്ടിൽ റോസമ്മയെ വിവാഹം ചെയ്തു. വർക്കി കൃഷിപ്പണി യിൽ വ്യാപൃതനായിരുന്നു. ഇവർക്ക് 1 ആണും 1 പെണ്ണും ജനിച്ചു. മൂത്തമകൾ ഷേർളിയെ വിവാഹം ചെയ്തിരിക്കുന്നത് മണർക്കാട് വെള്ളൂപറമ്പിൽ മാത്യു ആണ്.

വർക്കിയുടെ മകൻ സാന്റു ബിസിനസ് കൈകാര്യം ചെയ്യു ന്നു. പുല്ലുവഴി പൂണോലിവീട്ടിൽ മേഴ്സിയെയാണ് സാന്റു വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് 3 കുട്ടികൾ ജനിച്ചു. മക്കൾ എല്ലാവരും പഠിക്കുകയാണ്. വർക്കി 27-03-2015ൽ നിര്യാതനായി. വർക്കിയുടെ ഭാര്യ റോസമ്മ 02-04-2015ൽ മരണമടത്തു.

8. ജോസഫ്- ജോസഫ് സ്കൂൾ പഠനശേഷം കൃഷികാ ര്യങ്ങൾ നോക്കി നടത്തുകയായിരുന്നു. ഈ സമയം വേട്ടാമ്പറ കേളം കുഴക്കൽ വീട്ടിൽ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർ താമസിച്ചിരുന്നത് കോതമംഗലത്ത് ആയിരൂർപാടത്താണ്. ഇവർക്ക് 4 മക്കൾ ജനിച്ചു. 2 ആൺകുട്ടികളും 2 പെൺകുട്ടികളും. മൂത്തമകൾ ഷാന്റിയെ വടാട്ടുപാറ മുരട്ടു പൂവത്തിങ്കൽ വീട്ടിൽ തോമസ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൻ ജോർജ് വാഴ പ്പിള്ളി വെള്ളാംകണ്ടത്തിൽ മോളിയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് കുട്ടികൾ ഉണ്ട്. മൂന്നാമത്തെ മകൾ ഷിജിയെ കോട്ടപ്പടി ഇടപ്പു ളവൻ വീട്ടിൽ ബൈജു വിവാഹം ചെയ്തു. നാലാമത്തെ മകൻ സിജോ അയിരൂർ പാടത്ത് താമസിക്കുന്നു. കല്ലൂർ നാമറ്റത്തിൽ ജിനിയെയാണ് സിജോ വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് രണ്ട് മക്കൾ ജനിച്ചു.

**സി. ചാക്കോ മത്തായി (നെടുമലയിൽ)**

മൂന്നാമത്തെ മകനായ മത്തായി മുവാറ്റുപുഴ ആരക്കുഴ റോഡിന്റെ പടിഞ്ഞാറു ഭാഗത്ത് നെടുമല പുരയിടത്തിൽ താമസി

ച്ചു. ഭാര്യ ആയവന കുബപ്പിള്ളിൽ പൈലിയുടെ മകൾ അന്നയാകുന്നു. ഇവർക്ക് 3 ആൺകുട്ടികളും ഒരു പെൺകുട്ടിയും ജനിച്ചു.

1. മാറാടി വലിയമറ്റത്തിൽ ഉലഹന്നൻ മകളെ വിവാഹം ചെയ്തു. ഉലഹന്നാൻ ക്യാൻസർ രോഗം മൂലം നിര്യാതനായി. ഇവർക്ക് അഞ്ച് ആൺ മക്കളും ഒരു മകളും ഉണ്ട്. 2-ാമത്തെ മകനാണ് ഫാ. മാത്യു വലിയമറ്റം. കോതമംഗലം രൂപതയിൽ വൈദീകനായി സേവനം ചെയ്തു.

2. രണ്ടാമത്തെ മകൻ വി. എം. ചാക്കോ - ശ്രീ ചാക്കോ നെടുമലയിൽ തന്നെ പിതാവിനോടൊത്തു താമസിച്ചു. മാറാടി മുറിത്തോട്ടത്തിൽ റോസയാണ് ഭാര്യ. ഈ ദമ്പതികൾക്ക് 3 ആണും 2 പെണ്ണും മക്കളായി ജനിച്ചു. ശ്രീ ചാക്കോ പൊതു മരാമത്ത് വകുപ്പിൽ ഉദ്യോഗസ്ഥനായി പെൻഷൻ പറ്റി. ചാക്കോ 26-4-2013 നിര്യാതനായി.

ചാക്കോയുടെ മൂത്തമകനായ മാത്യു മിലിട്ടറി സർവ്വീസിൽ നിന്നും വിരമിച്ച് ഫയർ സർവ്വീസിൽ ജോലി നോക്കി റിട്ടയർ ചെയ്തു. തോട്ടക്കര പടിഞ്ഞാറേക്കുടിയിൽ മറിയക്കുട്ടിയാണ് ഭാര്യ. മുവാറ്റുപുഴ സെന്റ് അഗസ്റ്റിൻ ഹൈസ്ക്കൂൾ അദ്ധ്യാപികയായി ജോലി നോക്കുന്നു. ഇവർക്ക് 2 മക്കൾ ഉണ്ട് മൂത്തമകൾ സോണിയെ മൂലമറ്റം താന്നിക്കൽ മാത്യു കല്ല്യാണം കഴിച്ചിരിക്കുന്നു. മകൻ ഗ്ലെൻസ് ഇലക്ട്രോണിക് എഞ്ചിനിയർ ആയി സേവനം ചെയ്യുന്നു. ഭാര്യ മടക്കത്താനം തലച്ചിറ വീട്ടിൽ സ്മിതയാണ്. ഇവർ താമസിക്കുന്നത് മുവാറ്റുപുഴ വാഴപ്പിള്ളി പ്രദേശത്താണ്.

ജോസഫ് രണ്ടാമത്തെ മകനായി ജനിച്ചു. ഹൈസ്ക്കൂൾ പഠനശേഷം പി. ഡബ്ലിയു.ഡിയിൽ ഡ്രൈവറായി സേവനം ചെയ്തു. ഇവർ താമസിക്കുന്നത് വാരാപ്പുഴ ഒളനാട് ആണ്. വാരപ്പുഴ ചിറയത്ത് ഫില്ലീസ് ആണ് ഭാര്യ. ഫില്ലീസ് അദ്ധ്യാപികയാണ്. ഇവർക്ക് മൂന്ന് കുട്ടികൾ ജനിച്ചു.

മൂന്നാമത്തെ മകൻ ലൂയിസ് സ്കൂൾ പഠനശേഷം പി. എം. ജി ഓഫിസിൽ ഡ്രൈവറാണ്. ഭാര്യ സിൽവി എറണാകുളം തേവര പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ക്വാർട്ടേഴ്സിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് മക്കൾ ജനിച്ചു. ലൂയിസ് 10-11-2012ൽ നിര്യാതനായി.

നാലാമത്തെ മകൾ ചിന്നമ്മയെ കുറുഞ്ഞി നടുവത്തേട്ടേൽ സെബാസ്റ്റ്യൻ ആണ് വിവാഹം ചെയ്തി രിക്കുന്നത്.

അഞ്ചമത്തെ മകൾ ലില്ലിയെ വിവാഹം ചെയ്തിരിക്കുന്നത് നീണ്ടപാറ ആഞ്ഞിലികുഴിയിൽ ജോണിയാണ്.

2. ചാക്കോയുടെ രണ്ടാമത്തെ മകനാണ് ശ്രീ. വി. എം. പൈലി. പൈലി നെടുമലയിൽ നിന്നും മാറി മലപ്പുറം കരിവാരക്കുണ്ട് എന്ന സ്ഥലത്ത് താമസിക്കുന്നു. പെരുംമ്പല്ലൂർ വട്ടക്കാട് മറിയക്കുട്ടിയാണ് ഭാര്യ. ഇവർക്ക് 3 ആൺകുട്ടികളും 3 പെൺമക്കളും ജനിച്ചു. പൈലി 29-03-2006ലും, ഭാര്യ മറിയക്കുട്ടി 14-09-2006ലും നിര്യാതയായി. ഇവരുടെ മൂത്തമകൻ മാത്യു - ഹൈസ്ക്കൂൾ പഠനശേഷം പാട്ടാളത്തിൽ ചേർന്നു. അവിടെ നിന്നും പെൻഷൻ പറ്റി ബിസിനസ്സിൽ ഏർപ്പെട്ട് കാളികാവിൽ താമസിക്കുന്നു. പഴയന്നൂർ

പിണക്കാട്ട് ഗ്രേസിയാണ് ഭാര്യ. ഗ്രേസി ഹൈസ്ക്കൂൾ അദ്ധ്യാപികയാണ് ഇവർക്ക് രണ്ട് കുട്ടികൾ ജനിച്ചു. മാത്യുവിനെ കുഞ്ഞ് എന്നും അറിയപ്പെടുന്നു.

2. ചാക്കോ – വാട്ടർ അതോറിറ്റിയിൽ ജോലിചെയ്യുന്നു. മുതലക്കോടം ചെമ്പരത്തിയിൽ മോളിയാണ് ഭാര്യ – മോളി ടീച്ചർ ആയി സേവനം ചെയ്ത് റിട്ടയർ ആയി. മലപ്പുറം കാളിവിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് കുട്ടികൾ ഉണ്ട്.

3. മൂന്നാമത്തെ മകൻ ജോഷി കാരിവാരക്കുണ്ടിൽ താമസിക്കുന്നു. സ്കൂൾ പഠനശേഷം മലപ്പുറത്ത് സ്കൂൾ ഹെഡ്മാസ്റ്റർ ആയി സേവനം ചെയ്യുന്നു. കാളികാവ് വേഴാമ്പൽ തോട്ടം ഡിമിലിയാണ് ഭാര്യ. ഡിമിലി സ്കൂൾ ടീച്ചറാണ്. ജോഷിക്ക് മൂന്ന് കുട്ടികൾ ജനിച്ചു. മൂത്ത മകൻ കിരൺ പഠന ശേഷം തോട്ടുംകര ജീനയെ വിവാഹം ചെയ്തു. ഇളയവർ പഠനത്തിലാണ്.

വി. എം. മത്തായി : കുട്ടിയെന്ന് വിളിക്കുന്ന മത്തായി ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് സിവിൽ ഡിപ്ലോമ പാസായി. കേരള സർവീസിൽ ഒന്നാം ഗ്രേഡ് ഓവർസീയറായി സർവീസിൽ പ്രവേശിച്ചു. ഭാര്യ ചിറ്റൂർ പാറത്തട്ടേൽ ആഗസ്തി മകൾ അന്നകുട്ടിയാണ്. ഇവർക്ക് 5 പെൺമക്കളും ഒരു ആണ്കുട്ടിയും ജനിച്ചു. മത്തായി മണക്കാട്ട് (തൊടുപുഴ) പുരയിടം വാങ്ങി അവിടെ താമസിക്കുന്നു. 1984–ൽ ജോലിയിൽ നിന്നും വിരമിച്ച മാതാവ് അന്നം, മത്തായിയുടെ വസതിയിൽ താമസിക്കുമ്പോഴാണ് ചരമമടഞ്ഞത്. തെനംകുന്ന് പള്ളി സെമിത്തേരിയിൽ ശവസംസ്ക്കാരം നടത്തി. പിതാവ് മത്തായി പെരിങ്ങഴ പള്ളി സെമിത്തേരിയിൽ സംസ്ക്കരിക്കുകയും ചെയ്തു. മൂത്ത മകൾ ജെസിയെ വിവാഹം ചെയ്തിരിക്കുന്നത് ഇടപ്പിള്ളി നെല്ലിക്കൽ ജെയിംസാണ്. രണ്ടാമത്തെ മകൾ ബെറ്റിയെ (സിസിലി) കരിമണ്ണൂർ കല്ലംന്താനത്ത് മാത്യു വിവാഹം ചെയ്തിരിക്കുന്നു. മൂന്നാമത്തെ മകൾ റാണിയെ അറന്നൂറ്റി മംഗലം ഉപ്പാണിയിൽ ജോണി തോമസ് വിവാഹം ചെയ്തിരിക്കുന്നു. നാലാമത്തെ മകൾ ജയയെ പെരുവ മൂലംതുരുത്തിയിൽ ജോസ് വിവാഹം കഴിച്ചിരിക്കുന്നു.

അഞ്ചാമത്തെ മകൻ സ്കൂൾ പഠന ശേഷം എഞ്ചിനിയറിംഗ് പഠിച്ച് ജോലി നേടി. ഇലഞ്ഞി വെള്ളാമതടത്തിൽ ജിജി ആണ് ഭാര്യ. ഇവർ മണക്കാട് നീരോലിക്കൽ വീട്ടിൽ തന്നെയാണ് താമസം. ഇവർക്ക് മൂന്ന് കുട്ടികൾ ജനിച്ചു. കുട്ടികൾ പഠനത്തിലാണ്.

ആറാമത്തെ മകൾ മറിയം ചാലക്കുടി കുന്നേൽ ജിസ് വിവാഹം ചെയ്തിരിക്കുന്നു.

**ഡി. ചാക്കോ ഔസേപ്പ് (കുഞ്ഞാപ്പ്)**

കുഞ്ഞാപ്പ് എന്നു വിളിക്കുന്ന ഔസേപ്പ് ആയവന കാരിമറ്റത്ത് നീരോലിക്കൽ പറമ്പിൽ താമസമാക്കി. വടകര കുന്നുംപുറത്ത് ബ്രജീത്തയെയാണ് ഔസേപ്പ് ഭാര്യയായി സ്വീകരിച്ചത്. ഔസേപ്പ് നല്ല കൃഷിക്കാരൻ ആയിരുന്നു. മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും അടങ്ങിയതാണ് ഔസേപ്പിന്റെ കുടുംബം ഇവർ

പുത്തൻപുരയിൽ താമസമാക്കി കൃഷിപ്പണിയിൽ വ്യാപ്തനായിരുന്ന കുഞ്ഞാപ്പ് മരത്തിൽ നിന്ന് വീഴുകയും വീഴ്ച്ചയുടെ ഫലമായി ഒരു കാൽ മുട്ടിന് താഴെ വച്ച് മുറിച്ചുകളയേണ്ടിവന്നു. എന്നിരുന്നാലും ഒറ്റക്കാലിൽ നിന്നുകൊണ്ട് സകലപണികളും ചെയ്തിരുന്നു. ഭാര്യ ബ്രിജീത്ത എപ്പോഴും തുണയായിരുന്നു.

മക്കളിൽ മൂത്തമകൾ ഏലിയെ നടുക്കര തയ്യിൽ (കൊച്ചുകുന്നേൽ) പാപ്പു വിവാഹം ചെയ്തിരിക്കുന്നു.

രണ്ടാമത്തെ മകൾ അന്നത്തെ മൈലകൊമ്പ് വർങ്ങലകുടിയിൽ വർഗീസ് വിവാഹം ചെയ്തിരിക്കുന്നു.

മൂന്നാമത്തെ മകൻ ചാക്കോ കൃഷികാര്യങ്ങളിൽ പിതാവിനെ സഹായിച്ചു. സ്കൂൾ പഠനശേഷം ആരക്കുഴ വടക്കുംപറമ്പിൽ മറിയകുട്ടിയെ ഭാര്യയായി സ്വീകരിച്ചു. ഇവർ നീരോലിക്കൽ പറമ്പിന്റെ തെക്കെ പറമ്പിൽ പുര വച്ച് മാറിതാമസമാക്കി. ഇവർക്ക് രണ്ട് ആൺകുട്ടികളും 4 പെൺമക്കളും ജനിച്ചു. ചാക്കോ 07-2-2011ൽ പെട്ടെന്ന് തളർന്നു വീണ് മരിക്കുകയായിരുന്നു. ഭാര്യ 28-06-99ൽ നിര്യാതയായി.

മൂത്തമകൻ ജോസ് പിതാവിന്റെ കൃഷികാര്യങ്ങളിൽ സഹായിച്ചു വരവേ ഹൈസ്ക്കൂൾ പഠന ശേഷം തൃക്കാരിയൂർ അമ്പലക്കാട്ട് ഫിലോമിനയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺ മക്കൾ ഉണ്ട്. മൂത്ത മകൻ ജോഫിൻ സ്കൂൾ പഠന ശേഷം ഡിഗ്രി പാസായി. എറണാകുളം ഇൻഫോ പാർക്കിൽ ജോലി ചെയ്യുന്നു. ഇവർ ആയവന കാരിമറ്റത്താണ് താമസം. രാമപുരം വെട്ടിക്കുഴിചാലിൽ ലൗലിയാണ് ഭാര്യ. ഇവർക്ക് രണ്ട് കുട്ടികൾ ഉണ്ട്. ഇളയ മകൻ സോഫിൻ ഹൈസ്ക്കൂൾ പഠനശേഷം നിർമ്മല കോളേജിൽ നിന്നും ബിരുദം നേടി. എറണാകുളം ഇൻഫോ പാർക്കിൽ ജോലി ചെയ്യുന്നു. കടാതി ഏനോക്കാരൻ സിനു ആണ് ഭാര്യ. ഇവർക്ക് ഒരു കുട്ടിയുണ്ട്. ഭാര്യ സിനുവും ഇൻഫോ പാർക്കിൽ ജോലി നോക്കുന്നു. പിതാവ് ജോസ് 10-12-2008ൽ സ്ട്രോക്ക് മൂലം മരണമടഞ്ഞു.

രണ്ടാമത്തെ മകൾ ഡെയ്സിയെ പെരുമ്പല്ലൂർ വട്ടക്കാട്ട് അഗസ്റ്റ്യൻ വിവാഹം ചെയ്തിരിക്കുന്നു. മുംബേയിൽ താമസിക്കുന്നു. മൂന്നാമത്തെ മകൾ മെഴ്സിയെ വിവാഹം ചെയ്തിരിക്കുന്നത് പെരുമ്പല്ലൂർ തൊണ്ടാറ്റിൽ ബേബിയാണ്. നാലാമത്തെ മകൾ പൗളി കുട്ടമ്പുഴ കാക്കനാട്ട് ബേബി വിവാഹം കഴിച്ചിരിക്കുന്നു. അഞ്ചാമത്തെ മകൾ കൊച്ചുത്രേസ്യായെ കാപ്പിൽ ജോസ് വിവാഹം ചെയ്തിരിക്കുന്നു. ആറാമത്തെ മകൻ മാത്യു കൃഷികാര്യങ്ങൾ നോക്കി നടത്തുന്നു. പഠന ശേഷം കേതമംഗലം കോട്ടപ്പടി പുളിക്കകുന്നേൽ ആനീസ് വിവാഹം ചെയ്തു. ഇവർക്ക് ഒരാൺകുട്ടി ജനിച്ചു. മാത്യുവും കുടുംബവും കാരിമറ്റത്തെ സ്ഥലം വിറ്റ് കടവൂരിൽ പുരയിടം വാങ്ങി അവിടെ താമസിക്കുന്നു. മകൻ മിഥുൻ ഡിഗ്രി പാസായശേഷം ഇൻഫോ പാർക്കിൽ ജോലി ചെയ്യുന്നു. ആയവന കൈനിക്കൽ സോണാ മാത്യുവാണ് ഭാര്യ. ഇവർ പിതാവായ മാത്യുവിന്റെ കൂടെ കടവൂർ സൗത്ത് പുന്നമറ്റത്ത് താമ

സിക്കുന്നു.

ഔസേപ്പിന്റെ നാലാമത്തെ മകനായ മത്തായി ഹൈസ്ക്കൂൾ പഠനശേഷം പിതാവിനെ കൃഷികാര്യങ്ങളിൽ സഹായിച്ചുവന്നു. വാഴക്കുളം വടക്കും പറമ്പിൽ വർഗീസ് മകൾ ഏലിക്കുട്ടിയെയാണ് മത്തായി വിവാഹം ചെയ്തത്. അഞ്ചാമത്തെ മകൻ വർക്കി വിവാഹം ചെയ്തപ്പോൾ മത്തായി നീരോലിക്കൽ പറമ്പിന്റെ പടിഞ്ഞാറ് മാറി സ്ഥലം വാങ്ങി അവിടെ പുര വച്ച് മത്തായിയും കുടുംബവും താമസിച്ചു. ഇവർക്ക് ഒൻപത് മക്കൾ ജനിച്ചു. 6 ആൺകുട്ടികളും 3 പെൺകുട്ടികളും.

മൂത്തമകൻ ജോളി ഹൈസ്ക്കൂൾ പഠന ശേഷം നിർമ്മല കോളേജിൽ നിന്നും ബി. എ. ബിരുദം നേടി. പ്രൈവറ്റ് കോളേജിൽ കുറച്ചു കാലം പഠിപ്പിച്ചു. സെലിനെ ഭാര്യയായി സ്വീകരിച്ചു. ഇവർ അമേരിക്കയിൽ പോയി താമസമാക്കി വരവേ സെലിൻ രോഗം മൂലം മരണപ്പെടുകയും ചെയ്തു. ഒരു പെൺകുട്ടിയുണ്ട്. പിന്നീട് രണ്ടാം വിവാഹം മുംബൈ വല്ല്യവീട്ടിൽ മേരിയെ വിവാഹം ചെയ്തു. ഇവർക്ക് ഒരു ആൺകുട്ടിയുണ്ട്. അമേരിക്കയിൽ വീട് വാങ്ങി അവിടെ താമസിക്കുന്നു.

രണ്ടാമത്തെ മകൻ ഹെന്റി പഠനശേഷം മലബാറിൽ ഇരിട്ടിയിൽ സ്ഥലം വാങ്ങി അവിടെ പുര വച്ച് കൃഷിപ്പണിയിൽ തുടരവേ മോളിയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് പെൺകുട്ടികൾ ഉണ്ട്. ഹെന്റി രോഗംമൂലം 20-12-2000മാണ് മരണപ്പെട്ടു. രണ്ടാർപള്ളി സെമിത്തേരിയിൽ ശവസംസ്കാരം നടത്തി. മൂത്ത മകൾ ജെസി ഡൽഹിയിൽ നഴ്സ് ജോലി ചെയ്യവേ തോമസ് വിവാഹം ചെയ്തു. ഇവർ എറണാകുളത്ത് താമസിക്കുന്നു.

നാലാമത്തെ മകൻ ഡോമനിക്ക് പ്രി. ഡിഗ്രി പഠനശേഷം അമേരിക്കയിൽ പോയി ജോലി ചെയ്യുന്നു. കട്ടപ്പന തുണ്ടത്തിൽ പ്രിയയാണ് ഭാര്യ. ഇവർക്ക് രണ്ട് പെൺകുട്ടികൾ ജനിച്ചു. കുടുംബ സമേതം അമേരിക്കയിൽ താമസിക്കുന്നു.

അഞ്ചാമത്തെ മകൾ കുസുമം കോലഞ്ചേരിയിൽ പുത്തൻപുരയ്ക്കൽ കുര്യാച്ചൻ വിവാഹം ചെയ്തിരിക്കുന്നു. രണ്ടു പേരും ഹെഡ്മാസ്റ്ററായി ജോലി ചെയ്യുന്നു.

ആറാമത്തെ മകൻ ജോൺസ് പഠനശേഷം കൃഷി കാര്യങ്ങളിൽ പിതാവിനെ സഹായിച്ചു വരവേ ഏഴല്ലൂർ താന്നിക്കൽ പാപ്പച്ചന്റെ മകൾ ഷെൽമിയെ വിവാഹം ചെയ്തു. ഇവർ കൃഷി കാര്യങ്ങൾ നോക്കി നീരോലിക്കൽ പുരയിടത്തിൽ (രണ്ടാർ) താമസിക്കുന്നു. ഇവർക്ക് ഒരു ആൺകുട്ടിയും രണ്ട് പെൺകുട്ടികളും ഉണ്ട്. കുട്ടികൾ മൂന്ന്പേരും പഠിക്കുന്നു. പിതാവായ മത്തായി 20-03-2014ൽ ഉറക്കത്തിൽ സൈലന്റ് അറ്റാക്ക് വന്ന് മരണമടഞ്ഞു.

ഏഴാമത്തെ മകൾ റെജി പഠനശേഷം ഡൽഹിയിൽ നഴ്സായി സേവനം ചെയ്യുന്നു. തിരുവല്ല പാലപുരത്ത് പ്രസാദ് ജോൺ റെജിയെ വിവാഹം ചെയ്തിരിക്കുന്നു. എട്ടാമത്തെ മകൻ ജിൻസൺ പ്രി. ഡിഗ്രി പഠന ശേഷം അമേരിക്കയിൽ പോയി. അവിടെ അമ്മ ഏലിക്കുട്ടിയും ഒപ്പം താമസിക്കുന്നു. വേങ്ങച്ചുവട്

ചാക്കാലക്കൽ സ്വപ്നയാണ് ഭാര്യ. ഇവർക്ക് 2 ആൺകുട്ടികളും രണ്ട് പെൺകുട്ടികളും ഉണ്ട്. എല്ലാവരും വീട് വാങ്ങി അവിടെ താമസിക്കുന്നു. ഇളയ മകൻ ജിസ്മോൻ പഠനശേഷം അമേരിക്കയിൽ പോയി പഠിച്ച് അവിടെ ജോലി ചെയ്യുന്നു. ഫ്ളോറിഡയിൽ വീട് വാങ്ങി, ഏറ്റുമാനൂർ കുഴിക്കോട്ടിൽ അനുവിനെ ഭാര്യയായി സ്വീകരിച്ചു. ഒരു ആൺകുട്ടി ഇവർക്ക് ജനിച്ചു. ഇവർ അമേരിക്കയിൽ താമസമാക്കിയിരിക്കുന്നു.

ഔസേഫിന്റെ അഞ്ചാമത്തെ മകൾ മേരി - വാഴക്കുളം ചൊറിയന്തടത്തിൽ ഉലഹന്നൻ വിവാഹം ചെയ്തു.

ആറാമത്തേതും ഇളയതുമായ വർക്കി തറവാട്ടിൽ തന്നെ താമസമാക്കി. വാഴക്കുളം വല്ല്യവീട്ടിൽ പറമ്പിൽ അന്നക്കുട്ടിയെ വിവാഹം ചെയ്തു. കൃഷിപ്പണികൾ നോക്കിനടത്തുന്നു. മാതാവിനേയും പിതാവിനേയും ശ്രുശ്രൂഷിക്കുകയും ചെയ്തു. ഇവർക്ക് മൂന്ന് ആൺമക്കൾ ജനിച്ചു.

മൂത്ത മകൻ ബേബി വിവാഹം ചെയ്തിരിക്കുന്നത് ആരക്കുഴ അറയ്ക്കൽ ജോള്ളമ്മയെയാണ്. ഇവർക്ക് ഒരാണും ഒരു പെൺകുട്ടിയും ജനിച്ചു. കൃഷി കാര്യങ്ങൾ ചെയ്യുന്നതിനായി മംഗലാപുരത്ത് സ്ഥലം വാങ്ങി താമസിക്കുന്നു.

രണ്ടാമത്തെ മകൻ തങ്കച്ചൻ പിതാവിനൊപ്പം തറവാട്ടുവീട്ടിൽ താമസിക്കുന്നു. തങ്കച്ചൻ ബധിരനും മൂകനുമാണ്. വാഴപ്പിള്ളി തോട്ടത്തിൽ സിസിലിയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് ഒരു ആൺകുട്ടിയുണ്ട്. തങ്കച്ചന്റെ ഭാര്യ സിസിലി രോഗംമൂലം 27-08-2013ൽ നിര്യാതയായി മകൻ മുവാറ്റുപുഴ ചാലികടവുപാലത്തിനു സമീപം ബിസിനസ് ചെയ്യുന്നു.

ഇളയ മകൻ ഷാജി പഠന ശേഷം കൃഷി കാര്യങ്ങൾ നോക്കി നടത്തുന്നു. പഴങ്ങനാട് കുരീക്കൽ വീർപ്പനാട്ട് ഷൈനിയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്, ആയവന ഗ്രാമപഞ്ചായത്ത് മെമ്പറും വൈസ്പ്രസിഡന്റും ആയി സേവനം ചെയ്തിട്ടുണ്ട്. ഇവർ തറവാട്ട് പുരയിൽ നിന്നും മാറി സ്ഥലം വാങ്ങി പുര വച്ച് താമസിക്കുന്നു. മൂന്ന് പെൺമക്കൾ ഇവർക്ക് ജനിച്ചു. പെൺകുട്ടികൾ പഠിക്കുകയാണ്.

### ഇ. ചാക്കോ ദേവസ്യ

തറവാടായ വെള്ളിനാൽ താമസം. ഭാര്യ വാഴക്കുളം മൂലക്കുടിയിൽ ഏലിയാണ്. ദേവസ്യ 27-03-1993 നിര്യാതനായി. മക്കളായി 2 പെൺകുട്ടികളും 2 ആൺ കുട്ടികളും ഉണ്ട്. മൂത്ത മകൾ ഏലിക്കുട്ടിയെ കോടനാട് കീഴാലി കുഞ്ഞുമോൻ വിവാഹം ചെയ്തു. ഏലി വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞു. കുഞ്ഞുമോനും മക്കളും മണ്ണാർക്കാട്ട് താമസമാക്കി.

രണ്ടാമത്തെ മകൾ മറിയാമ്മ അദ്ധ്യാപികയായി ജോലി നോക്കി വരവേ ആരാധന സഭയിൽ ചേർന്ന് സി. സൂസന്ന എന്ന നാമധേയം സ്വീകരിച്ച് സന്യാസിനിയായി. ജോലിയിൽ നിന്നും റിട്ടയർ ചെയ്ത് 24-5-56ൽ വൃതവാഗ്ദാനം ചെയ്തു. 04-08-1997ൽ മരണമടഞ്ഞു. കിളിയന്തറ സെന്റ് മേരീസ് പള്ളിയിൽ ശവസം

സ്ക്കാരം നടത്തി.

മൂന്നാമത്തെ മകൻ (കുഞ്ഞ്) ജേക്കബ് മുവാറ്റുപുഴ വെളിയന്നൂർക്കാരൻ വർക്കിയുടെ മകൾ അന്നകുട്ടിയെ വിവാഹം ചെയ്തു. 3 ആൺമക്കളും 3 പെൺമക്കളും ജനിച്ചു കഴിഞ്ഞപ്പോൾ പിതാവ് മദ്ധ്യ പ്രായത്തിൽ (ശ്വാസകോശ സംബന്ധമായ രോഗം മൂലം) നിര്യാതനായി. മൂത്തമകൻ സാജു വിദ്യാഭ്യാസത്തിനു ശേഷം സലാലയിൽ ജോലി നോക്കവേ മരണമടഞ്ഞു. വാഴക്കുളം മുള്ളങ്കുഴിയിൽ സെലിൻ ആണ് ഭാര്യ. 2 ആൺകുട്ടികളും 1 പെൺകുട്ടിയും ഇവർക്ക് ജനിച്ചു. സാജുവിന്റെ മൂത്ത മകൻ സിബിൻ കല്ലൂർക്കാട് (കക്കുഴിയിൽ) റാത്തപ്പിള്ളിൽ മെറീനയെ വിവാഹം ചെയ്തു. ഇവർ സൗദിയിൽ ജോലി നോക്കുന്നു. പെൺകുട്ടിയെ വാഴക്കുളത്ത് കൊച്ചുപറമ്പിൽ ഷിബു വിവാഹം ചെയ്തു.

ജേക്കബിന്റെ രണ്ടാമത്തെ മകൾ എമിലി ആരാധനാസഭയിൽ ചേർന്ന് സിസ്റ്റർ എമിലി എന്ന നാമധേയം സ്വീകരിച്ച് കിളിയന്നൂരിൽ പ്രേവിൻഷ്യൽ കൗൺസിലാറയി സേവനം ചെയ്യുന്നു.

മൂന്നാമത്തെ മകൻ ഉറുമീസ് ഇന്ത്യൻ ആർമിയിൽ ചേർന്ന് റിട്ടയർ ചെയ്തു. തുടർന്ന് നെടുംബാശ്ശേരി എയർപോർട്ടിൽ കസ്റ്റംസ് ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്നു. അവിവാഹിതനാണ്.

നാലാമത്തെ മകൾ ലൈസമ്മയെ കല്ലൂർക്കാട്ട് നെടുങ്ങാട്ടിൽ തമ്പിയാണ് വിവാഹം ചെയ്തിരിക്കുന്നത്.

അഞ്ചാമത്തെ മകൻ ജോസഫ് (ടെൻസിംഗ്) തറവാട്ടിൽ മാതാവിനോടൊപ്പം കൃഷികാര്യങ്ങൾ നോക്കി വരുന്നു. തൊടുപുഴ വെട്ടിമറ്റത്ത് പടിഞ്ഞാറെകരയിൽ ബിന്ദുവാണ് ഭാര്യ. ഇവർക്ക് ഒരു ആൺ കുട്ടിയും ഒരു പെൺകുട്ടിയും ഉണ്ട്. ബിന്ദു കൃഷികാര്യങ്ങളിൽ ടെൻസിംഗിനെ സഹായിച്ചു വീട്ടുകാര്യങ്ങൾ നോക്കി നടത്തുകയും ചെയ്യുന്നു.

ആറാമത്തെ മകൾ റ്റെസിയെ വഴിത്തല കളപ്പുരയ്ക്കൽ സിബിയാണ് വിവാഹം കഴിച്ചിരിക്കുന്നു.

4. ചാക്കോ ദേവസ്യയുടെ നാലാമത്തെ മകൻ എൻ. ഡി. ജോസഫ് 1934ൽ ജനിച്ചു. നിർമ്മല കോളേജിൽ നിന്നും ഡിഗ്രി എടുത്ത ശേഷം ബാംഗ്ലൂരിൽ എച്ച്. എ. എസ്. കമ്പിനിയിൽ സ്റ്റോർ കീപ്പറായി ജോലിയിൽ പ്രവേശിച്ചു. ആയവന മലേക്കുടിയിൽ ചാക്കോ മകൾ മേരിയാണ് ഭാര്യ. എച്ച്. എം. പി. കമ്പിനി വക ആശുപത്രിയിൽ സ്റ്റാഫ് നേഴ്സാണ്. അവർക്ക് 2 ആൺകുട്ടികൾ ജനിച്ചു. മൂത്തമകൻ സിറിൽ മെഡിക്കൽ ബിരുദം എടുത്ത ശേഷം എം. ഡി. പാസ്സായി അമേരിക്കയിൽ ഡോക്ടർ ആയി സേവനം ചെയ്യുന്നു. എലമന മഠത്തിൽ ഗയല (ആനി)യാണ് ഭാര്യ. മക്കൾ സുബിൻ, സീന. രണ്ടാമത്തെമകൻ സിന്റോ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം ജെ.പി.എസ് പാസ്സായി. ശ്രീ ജോസഫും കുടംബവും ബാംഗ്ലൂരിൽ നിന്ന് പെൻഷനായ ശേഷം മാറാടിയിൽ സ്ഥലം വാങ്ങി താമസിക്കുന്നു.

**സി. പൈലി ദേവസ്യ**

മാത്യു പൈലിയുടെ മൂന്നാമത്തെ മകൻ നീരോലിക്കൽ തറ

വാട്ടിൽ നിന്നും വള്ളിനാൽ പുത്തൻപുരയിൽ മാറി താമസിച്ചു. ഭാര്യ മാറാടി കരയിൽ പുതിയകുന്നേൽ വർക്കിയുടേയും അന്നത്തിന്റേയും മകൾ മറിയം ആയിരുന്നു. ദേവസ്യ 1945 മെയ്മാസം 4-ാം തീയതിയും മറിയം 1950 സെപ്റ്റംബർ 4-ാംതീയതിയും ഇഹലോകവാസം വെടിഞ്ഞു. അവരുടെ ആദ്യമകൻ പൈലി പൈലി ഒമ്പതര വയസ്സിൽ മരിച്ചു. പിന്നീട് അവർക്ക് 4 ആൺമക്കളും 2 പെൺമക്കളും ജനിച്ചു.

1. മൂത്തമകൾ മറിയത്തെ ആയവന ഇടവക ഏനാനല്ലൂർ തെക്കേക്കര (കിഴക്കുമുട്ടം) ഉലഹന്നൻ മകൻ ഉലഹന്നൻ വിവാഹം ചെയ്തു. അവർക്ക് 4 മക്കൾ ഉണ്ടായിരുന്നു.

2. ദേവസ്യ മറിയം ദമ്പതികളുടെ രണ്ടാമത്തെ മകൾ അന്നത്തെ മുവാറ്റുപുഴയിൽ ആനിക്കാട് നെല്ലിപ്പിള്ളിൽ വർക്കി വിവാഹം ചെയ്തു. ഇവർക്ക് 4 പെൺമക്കൾ ജനിച്ചു.

3. മൂന്നാമത്തെ മകൻ ദേവസ്യ വർക്കി - വർക്കി തിരുമാറാടി കളത്താമറ്റത്തിൽ ഔസേപ്പിന്റെയും അന്നയുടേയും മകൾ അന്നത്തെ വിവാഹം കഴിച്ചു. ഇവർ കല്ലാലുംകുന്നൽ പറമ്പിൽ താമസമാക്കി. ഇവർക്ക് 2 ആൺകുട്ടികളും 3 പെൺകുട്ടികളും ജനിച്ചു. വർക്കി മഹോദര രോഗം മൂലം 28-07-1942 ൽ ഇഹലോകവാസം വെടിഞ്ഞു.

1. വർക്കിയുടെ മൂത്തമകൻ വർക്കി ദേവസ്യ, മാറാടികരയിൽ പറമ്പേൽ വർക്കിയുടെ മകൾ അന്നമ്മയെ വിവാഹം ചെയ്ത് കല്ലാലംകുന്നേൽ തറവാട്ടിൽതന്നെ താമസമാക്കി. അവർക്ക് മൂന്ന് പെൺകുട്ടികളും ഒരു ആൺ കുട്ടിയും ജനിച്ചു. മകൻ ജോർജ് ആരക്കുഴ കൊച്ചുപാലിയത്ത് ചിന്നമ്മയെ വിവാഹം കഴിച്ചു. ഒരു പെൺകുട്ടി ജനിച്ച് അധിക ദിവസം കഴിയുന്നതിനുമുമ്പ് ജോർജ് ചരമമടഞ്ഞു. പെൺകുട്ടിയും മാതാവും ഒരുമിച്ച് ആരക്കുഴ വീട്ടിൽ താമസിക്കുന്നു.

2. രണ്ടാമത്തെ മകൾ ചിന്നമ്മ സന്യാസവൃദം സ്വീകരിച്ച് ഫ്രാൻസിക്കൻ സഭയിൽ തിരുവനന്തപുരത്ത് ലൂർദ്ദുപുരം എന്ന മഠത്തിൽ കഴിയുന്നു. ഇപ്പോൾ ധന്യഭവൻ , മഞ്ഞപ്പെട്ടി, നെടുംകണ്ടം.

3. മൂന്നാമത്തെ മകൾ ഏലമ്മ അദ്ധ്യാപക വൃത്തിയിൽ ഏർപ്പെട്ട് മൂവാറ്റുപുഴ സെന്റ് അഗസ്റ്റ്യൻസ് ഹൈസ്ക്കൂൾ എച്ച്. എസ്. എ ആയി ജോലി ചെയ്ത് പെൻഷൻ പറ്റി ഉല്ലാപ്പിള്ളിൽ താമസിക്കുന്നു. ഭർത്താവ് പ്രൊഫ. സെബാസ്റ്റ്യൻ കച്ചിറ, മീങ്കുന്നം.

4. നാലാമത്തെ മകൾ മോളി ബിരുദമെടുത്ത ശേഷം കേന്ദ്ര ഗവ. സർവീസിൽ പ്രോവിഡന്റ് ഫണ്ട് ഓഫീസർ അസിസ്റ്റൻന്റ് ആയി ജോലി ചെയ്യുന്നു. ഞാറയ്ക്കൽ ടോമി ഫെർണണ്ടസ് ആണ് ഭർത്താവ്.

ബി. വർക്കി മകൾ മറിയം. മറിയത്തെ ആരക്കുഴ അറയ്ക്കൽ കുര്യൻ മകൻ വർക്കി വിവാഹം കഴിച്ചു. ഇവർക്ക് 4 ആണും രണ്ട് പെണ്ണും മക്കളായി ജനിച്ചു. ശ്രീ വർക്കി അരിക്കുഴ നിന്നും സ്ഥലം വിറ്റ് ഭൂതത്താൻ കെട്ടിനു സമീപം ചെങ്കര എന്ന സ്ഥലത്ത് പുരയിടവും കെട്ടിടവും വാങ്ങി താമസിക്കുന്നു.

സി. വർക്കി മകൻ എൻ. വി. ജോസഫ് (കുഞ്ഞാപ്പ്)

ജോസഫ് ഹയർ സെക്കന്ററി പാസ്സായശേഷം ടി ടി സി പാസ്സായി പെരിങ്ങഴ സെന്റ് ജോസഫ്സ് സ്കൂളിലും പിന്നീട് സർക്കാർ സ്ക്കൂളിലും അദ്ധ്യാപകനായി ജോലി ചെയ്തു. തെക്കൻ പറവൂർ മലമേൽ ചാക്കോ മകൾ (കത്രീന) തങ്കമ്മ ടീച്ചറെ വിവാഹം ചെയ്തു. പെരുംമ്പല്ലൂർ പി. ഒക്ക് സമീപംസ്ഥലം വാങ്ങിച്ച് കെട്ടിടം വച്ച് താമസമാക്കി. രണ്ട് പേരും പെൻഷൻ പറ്റി സ്കൂളിൽ നിന്നും വിരമിച്ചു. ഇവർക്ക് ഒരാണും 2 പെൺമക്കളും ജനിച്ചു. ജോയിയും ഗ്രേസിയും ഇരട്ടകുട്ടികളാണ്. ഇളയമകൻ ആൻസിയും ഗ്രേസിയെ ഒറ്റപ്പാലം കണിയാരകത്ത് ഡൊമനിക്ക് വിവാഹം ചെയ്തിരിക്കുന്നു.

രണ്ടാമത്തെ മകൾ ആൻസിയെ വിവാഹം ചെയ്തിരിക്കുന്നത് പറവൂർ മനയ്ക്കൽ സജിയാണ്. മകൻ ജോയ്സ് ഇടമറ്റം കുറ്റിക്കാട്ട് മോളിയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്. ഇവർക്ക് രണ്ട് കുട്ടികൾ ജനിച്ചു. മക്കൾ രണ്ട് പേരും വിദ്യാർത്ഥികളാണ്. ജോയ്സ് എം. കോം പാസ്സായി ഗവ: സർവ്വീസിൽ പി. ഡബ്ലിയു. ഡിയിൽ ജോലി ചെയ്യുന്നു.

ഡി. വർക്കി മകൾ സിസിലി വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു മുമ്പ് ചെറുപ്രായത്തിൽ മരണമടഞ്ഞു.

### IV ദേവസ്യ പൗലോസ്

പൗലോസ് താമസിച്ചിരിക്കുന്നത് കളപ്പുരയിലാണ്. മാറാടി കരയിൽ വലിയമറ്റത്തിൽ അയ്പിന്റെയും മറിയത്തിന്റെയും മകൾ റോസയായിരുന്നു ഭാര്യ. 3 പെൺ മക്കൾ ജനിച്ച ശേഷം ഭാര്യ റോസ ടൈഫോയിഡ് രോഗം ബാധിച്ച് 02-07-1929 മരണമടഞ്ഞു. മൂത്തമകൾ മറിയാമ്മയെ പോത്താനിക്കാട്ട് അരഞ്ഞാണിയിൽ അഗസ്തി സ്കറിയ (പാപ്പച്ചൻ) വിവാഹം കഴിച്ചു. പൗലോസ് മൂത്തമകൾ മറിയാമ്മ, പാപ്പച്ചൻ എന്നിവരോടൊപ്പം താമസിച്ചു വരവേ 1988 നവംബർ 2-ാം തീയതി ദിവംഗതനായി പോത്താനിക്കാട് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. പൗലോസിന്റെ രണ്ടാമത്തെ മകൾ അന്നമ്മയെ മീങ്കുന്നം ഏർത്തടത്തിൽ വർക്കി വിവാഹം ചെയ്തു.

പൗലോസിന്റെ ഇളയ മകൾ ഏലിയെ വടക്കേ നെല്ലൂർ മത്തായി മകൻ പാപ്പച്ചൻ (വർക്കി) വിവാഹം ചെയ്ത് കളപ്പുരയിൽ താമസിച്ചു. പാപ്പച്ചൻ ഏലി ദമ്പതികളിൽ 4 ആൺമക്കളും 5 പെൺമക്കളും ജനിച്ചു. കളപ്പുരയിൽ പുരയിടവും പുരയും പാപ്പച്ചൻ അഡ്വ.നെല്ലൂർ മാത്യുവിന് കൈമാറി. പാപ്പച്ചൻ ഏലി ദമ്പതികളുടെ രണ്ടാമത്തെ മകനാണ് മുവാറ്റുപുഴ മുൻ എം. എൽ. എയായ ജോണി നെല്ലൂർ.

### ദേവസ്യ ചാക്കോ

വള്ളിനാൽ പുത്തൻപുരയിൽ (പ്രങ്ങാട്ടിൽ പുത്തൻപുരയിൽ) എന്നും പറഞ്ഞിരുന്നു. താമസമാക്കിയ ചാക്കോ മുളക്കുളം കരയിൽ പൂവത്തിങ്കൽ (തടിയം പറമ്പേൽ) അവിരാ ത്രേസ്യാ മകൾ ഏലിയെ ഭാര്യയായി സ്വീകരിച്ചു. ജ്യേഷ്ഠൻ പൗലോസിനോ

ടൊപ്പം കള്ള് ഷാപ്പ് ഏറ്റെടുത്ത് നടത്തിയവകയിൽ ഭീമമായ നഷ്ടം ഉണ്ടായതിനാൽ പ്രങ്ങാട്ടിൽ പുത്തൻപുര പുരയിടം കിഴക്കൻ പുതപ്പള്ളിയ്ക്ക് വിറ്റ് കോടനാട് ആലാട്ടുപാറ സ്ഥലം വാങ്ങി താമസമാക്കി. ചാക്കോ ഏലി ദമ്പതികൾക്ക് 2 പെൺമക്കളാണ് ഉണ്ടായിരുന്നത്.

മൂത്തമകൾ മറിയത്തെ കൂത്താട്ടുകുളം വടകര കുരിശിങ്കൽ ഔസേപ്പ് മകൻ വർക്കി വിവാഹം ചെയ്തു ദത്തു നിന്നു. രണ്ടാമത്തെ മകൾ കത്രിക്കുട്ടിയെ ചുണങ്ങുംവേലി മോളത്ത് വർഗീസ് മത്തായി വിവാഹം കഴിച്ചു. ചാക്കോയും ഭാര്യ ഏലിയും ചുണങ്ങുംവേലിയിൽ കത്രിക്കുട്ടിയുടെ കൂടെ താമസമാക്കി. ചാക്കോ 1982 ജനുവരി 3-ാം തീയതി ചരമമടഞ്ഞു. ഭാര്യ ഏലി 08-11-1994ൽ മരണമടഞ്ഞു. ശവസംസ്കാരം ചുണങ്ങും വേലി സെമിത്തേരിയിൽ.

**ദേവസ്യ ജോൺ**

ഉലഹന്നൻ എന്നു വിളിച്ചിരുന്ന എൻ. എസ് ജോൺ 1906 ഫെബ്രുവരിയിൽ ജനിച്ചു. എസ്. എസ്. എൽ. സി പാസ്സായ ശേഷം വാഴക്കുളം ഇൻഫന്റ് ജിസസ് സ്കൂളിൽ ടീച്ചറായി ജോലിയിൽ പ്രവേശിച്ചു. ആ വർഷം തന്നെ ടൈഫോയ്ഡ് രോഗബാധിതനായി ആശുപത്രിയിൽ കിടക്കേണ്ടി വന്നതിനാൽ ജോലി നഷ്ടപ്പെട്ടു. പിന്നീട് നടുക്കര എൽ. പി. സ്ക്കൂളിലും ജോലി നോക്കി. 1944- 45ൽ ടീച്ചേഴ്സ് ട്രെയിനിംഗ് പാസായി കുന്നയ്ക്കാൽ ഈസ്റ്റ് എൽ. പി. എസ് സർക്കാർ സ്ക്കൂളിൽ ജോലി ലഭിച്ചു. പാലക്കുഴ മിഡിൽ സ്കൂളിൽ അദ്ധ്യാപകനായിരിക്കെ കോതമംഗലം മുട്ടത്തുപറമ്പിൽ (വേങ്ങുരാൻ) ശൗര്യാർ മറിയം ദമ്പതികളുടെ മകൾ കത്രിനയെ വിവാഹം ചെയ്തു. കത്രീന കോതമംഗലം എൽ. പി. സ്കൂൾ അദ്ധ്യാപികയായിരുന്നു. രണ്ടുപേരും സർവീസിൽ നിന്നും വിരമിച്ചു. ഇവർക്ക് 2 പെൺകുട്ടികൾ ഉണ്ട്. നീരോലിക്കൽ കുടുംബത്തിന്റെ ചരിത്രം എഴുതുന്നതിൽ നേതൃത്വം ഏറ്റെടുത്ത് എഴുതി തുടങ്ങിയത് ശ്രീ. എൻ.എസ് ജോൺ ആണ്. മൂത്ത മകൾ മേരിയെ കാഞ്ഞൂർ ഇടവക മഞ്ഞളി ജോസ് വിവാഹം ചെയ്തു. ഇവർക്ക് 3 പെൺകുട്ടികൾ ഉണ്ട്. എൻ. എസ്. ജോണും കത്രീനയും മകൾ മേരിയും ജോസും അവരുടെ കുട്ടികളും തറവാട്ടിൽ താമസിക്കുമ്പോൾ 04-01-1995ൽ എൻ. എസ്. ജോൺ മരണമടഞ്ഞു. ഇളയമകൾ ബെറ്റി ബിഎ ബിഎഡ് പാസ്സായി കോതമംഗലം മാനേജ്മെന്റ് സ്കൂളിൽ അദ്ധ്യാപികയായിരിക്കെ കോണത്ത് ബാങ്ക് ജോലിക്കാരാനായ കെ. എം. ജോസഫ് (ജോയി) കല്ല്യാണം കഴിച്ചു. ഇവർക്ക് 3 ആൺകുട്ടികൾ ഉണ്ട്. ഇവർ പുതിയ വീട് വച്ച് തറവാട് പുരയിടത്തിൽ താമസിക്കുന്നു. ഭാര്യ കത്രീന ടീച്ചർ 15-03-2002ൽ നിര്യാതയായി. ഇരുവരും കോതമംഗലം പള്ളിസെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.